19
2022
ഏപ്രിൽ
ചൊവ്വ
മേടം 6


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 280 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-280 | പേജ് 4. വില 2.00 രൂപ




02 യുക്രെയ്ൻ കീഴടങ്ങണമെന്നു റഷ്യ
03 പോലീസ് ഏകോപനം പരാജയം: അഴിച്ചുപണി വരുന്നു
04 സന്തോഷ് ട്രോഫിയിൽ കേരളത്തിന്റെ കുതിപ്പ്



## ലഫ്. ജനറൽ മനോജ്പാണ്ഡേ പുതിയ കരസേനാ മേധാവി

ന്യൂഡൽഹി: ലഫ്റ്റനൻറ് ജനറൽ മനോജ് പാണ്ഡേ പുതിയ കരസേനാ മേധാവിയാകും. നിലവിൽ കരസേനാ ഉപമേധാവിയാണ്. കരസേനയുടെ നിലവിലെ മേധാവി എം.എൻ. നരവണെയുടെ കാലാവധി ഏപ്രിൽ 30ന് അവസാനിക്കുന്ന പശ്ചാത്തലത്തിലാണിത് പുതിയ നിയമനം. സേനയിലെ കോർപ്സ് ഓഫ് എൻജിനീയേഴ്സ് വിഭാഗത്തിൽ നിന്നുള്ള ആദ്യ കരസേന മേധാവി കൂടിയാണ് പാണ്ഡേ. മേയ് ഒന്നിനാണ് അദ്ദേഹം ചുമതലയേൽക്കുക. രാജ്യത്തെ 29മത്തെ കരസേന മേധാവിയായിട്ടാണ് ലഫ്റ്റനൻറ് ജനറൽ മനോജ് പാണ്ഡെ ചുമതലയേൽക്കുക.

# മീനിലെ മായം: പരിശോധന ശക്തമാക്കാൻ നിർദേശം

## പരിശോധനാ ഫലം എത്രയും വേഗം ലഭ്യമാക്കാൻ നിർദേശം

തിരുവനന്തപുരം: മീനിലെ മായം കണ്ടെത്താൻ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പരിശോധന ശക്തമാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഭക്ഷ്യ സുരക്ഷാ കമ്മീഷണറർക്ക് നിർദേശം നൽകി. ഇടുക്കി നെടുങ്കണ്ടം തൂക്കുപാലത്ത് മീൻ കറി കഴിച്ചവർക്ക് വയറുവേദനയും പച്ചമീൻ കഴിച്ച് പൂച്ചകൾ ചത്തതുമായ സംഭവത്തെ തുടർന്നാണ് മന്ത്രി നിർദേശം നൽകിയത്. നെടുങ്കണ്ടത്തെ 6 പോയിന്റുകളിൽ നിന്നും ശേഖരിച്ച 8 സാമ്പിളുകൾ എറണാകുളത്തെ കാക്കനാട്ടുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ റീജിയണൽ അനലിറ്റിക്കൽ ലാബിലേക്ക് അയച്ചിട്ടുണ്ട്. ഇവയുടെ പരിശോധനാ ഫലം എത്രയും വേഗം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കാൻ മന്ത്രി നിർദേശം നൽകി.

നെടുങ്കണ്ടത്ത് മീൻകറി കഴിച്ചവർക്ക് വയറുവേദനയും പച്ചമീൻ കഴിച്ച് പൂച്ചകൾ ചാകുന്നതായുമുള്ള വാർത്തയെ തുടർന്ന് അന്വേഷിച്ച് കർശന നടപടിയെടുക്കാൻ മന്ത്രി വീണാ ജോർജ് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് കഴിഞ്ഞ ദിവസം നിർദേശം നൽകിയിരുന്നു. മന്ത്രിയുടെ നിർദേശത്തെ തുടർന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇന്നലെതന്നെ പ്രദേശത്ത് പരിശോധന നടത്തി. ഉടുമ്പൻചോല ഫുഡ് സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിലുള്ള സംഘവും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് മുണ്ടിയെരുമ, തൂക്കുപാലം, കൂട്ടാർ, കൊച്ചറ, പുറ്റടി എന്നിവിടങ്ങളിലെ 6 വിൽപന കേന്ദ്രങ്ങളിൽ നിന്നാണ് മത്സ്യ സാമ്പിളുകൾ ശേഖരിച്ചത്. തൂക്കുപാലത്ത് സമീപം പാർക്ക് ചെയ്തിരുന്ന ഓട്ടോയിൽ നിന്ന് മീൻ വാങ്ങിയവർക്കാണ് ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തത്. മീനിന്റെ തലയും ചില ഭാഗങ്ങളും കഴിച്ച വീട്ടിലെ രണ്ട് പൂച്ചകൾക്കും പൂച്ചക്കുട്ടികൾക്കും ചില പ്രശ്നങ്ങൾ ഉണ്ടായി. തുടർന്ന് അവർ സ്ഥലത്തെ വെറ്ററിനറി സർജനെ ഇക്കാര്യം അറിയിച്ചു. അടുത്ത ദിവസം ഒരു പൂച്ച ചത്തു. ഇതേ കാലയളവിൽ തന്നെ മത്തി മീൻ കഴിച്ച് പൂച്ച ചത്തതായി അയൽവാസികളിൽ ഒരാൾ പരാതിപ്പെട്ടു. ഭക്ഷ്യവിഷബാധയോ സീസണൽ വൈറസോ ആകാം പൂച്ചകളുടെ മരണത്തിന് കാരണമെന്ന് നെടുങ്കണ്ടം വെറ്ററിനറി സർജൻ അറിയിച്ചു. അടുത്ത കാലത്തായി മത്സ്യം കഴിച്ച ചിലർക്ക് ആരോഗ്യ പ്രശ്നങ്ങൾ അനുഭവപ്പെട്ടതായി മെഡിക്കൽ ഓഫീസറും റിപ്പോർട്ട് ചെയ്തു. തുടർന്നാണ് മന്ത്രിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് അടിയന്തരമായി അന്വേഷിച്ച് സാമ്പിളുകൾ ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ചത്.




കെ.എസ്.ആർ.ടി.സി ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ് മന്ത്രി മുഹമ്മദ് റിയാസ് ഫ്ളാഗ്ഓഫ് ചെയ്യുന്നു. മന്ത്രി ആന്റണി രാജു സമീപം

## പാലക്കാട്ട് നടന്ന കൊലപാതകങ്ങൾ നിർഭാഗ്യകരം: ഗവർണർ

തിരുവനന്തപുരം: പാലക്കാട്ട് ഉണ്ടായ രാഷ്ട്രീയ കൊലപാതകങ്ങളെ അപലപിച്ചു ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പാലക്കാട് നടന്ന കൊലപാതകങ്ങൾ നിർഭാഗ്യകരമാണ്. നിരപരാധികൾ കൊല്ലപ്പെടുന്നത് സങ്കടകരമാണെന്നും ഗവർണർ പറഞ്ഞു.

നിയമ സംവിധാനങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസം വീണ്ടെടുക്കാൻ കർശന നടപടി സ്വീകരിക്കണം. നടപടി ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഗവർണർ കൂട്ടിച്ചേർത്തു.

## ഉക്രയ്ൻ യുദ്ധത്തെ അപലപിച്ച് മാർപാപ്പ

ഈസ്റ്റർദിന സന്ദേശത്തിൽ ഉക്രയ്ൻ യുദ്ധത്തിന്റെ ക്രൂരതയെ ശക്തമായി അപലപിച്ച് ഫ്രാൻസിസ് മാർപാപ്പ. ഞങ്ങൾ എല്ലാവരും നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നുവെന്ന് പറഞ്ഞ മാർപാപ്പ ധൈര്യം കൈവെടിയരുതെന്നും ഉക്രയ്ൻ ജനതയോട് ആഹ്വാനം ചെയ്തു. കാലുവേദന അലട്ടിയതിനാൽ ചടങ്ങുകളിൽ പൂർണസമയം പങ്കെടുക്കാൻ മാർപാപ്പയ്ക്ക് കഴിഞ്ഞില്ല. പതിവിന് വിഭിന്നമായി ഇരുന്നുകൊണ്ടാണ് അദ്ദേഹം ഈസ്റ്റർ ദിന സന്ദേശം നൽകിയത്. കർദ്ദിനാൾ ജിയോവാനി ബാറ്റിസ്റ്റ റേ പോപ്പിന് പകരം പ്രധാന ചടങ്ങുകൾക്ക് കാർമികത്വം വഹിച്ചു.

## തിന്മയുടെ ശക്തികൾക്കു കീഴടങ്ങരുത്, സമാധാനം പുലരണം: മാർപാപ്പ

വത്തിക്കാൻ സിറ്റി: ദുഃഖത്തിനും യാതനകൾക്കും കാരണമായ യുദ്ധത്തിലും മറ്റു ദുരന്തങ്ങളിലും തിന്മയുടെ ശക്തികൾക്കും അക്രമത്തിനും കീഴടങ്ങരുതെന്നാണ് ഉത്ഥിതനായ യേശു നമ്മോടാവശ്യപ്പെടുന്നതെന്നു ഫ്രാൻസിസ് മാർപാപ്പ. വത്തിക്കാനിലെ സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ ഈസ്റ്റർദിവ്യബലി അർപ്പിച്ചശേഷം ഊർബി എത്ത് ഓർബി (നഗരത്തിനും നാടിനും) സന്ദേശം നല്കുകയായിരുന്നു അദ്ദേഹം.

ചത്വരത്തിൽ തടിച്ചുകൂടിയ ഒരു ലക്ഷം വരുന്ന വിശ്വാസികൾക്കു മുന്നിൽ 'യേശു ഉയർത്തെഴുന്നേറ്റിരിക്കുന്നു' എന്നു പ്രഖ്യാപിച്ച മാർപാപ്പ, യുക്രെയ്നിലും പ്രശ്നങ്ങൾ നേരിടുന്ന ലോകത്തിൻറെ മറ്റു ഭാഗങ്ങളിലും സമാധാനം പുലരാനായി പ്രത്യേകം പ്രാർഥിച്ചു. 'സമാധാനം നിങ്ങളോടു കൂടെ' എന്നു പ്രഖ്യാപിക്കാനായി കർത്താവ് നമ്മോടൊപ്പം കൂടുതൽ ഉണ്ടാകേണ്ട സമയമാണിത്. കോവിഡ് മഹാവ്യാധിക്കു പിന്നാലെ മനുഷ്യകുലത്തിൽ ഐക്യദാർഢ്യത്തിൻറെ മനോഭാവം ഉണ്ടാകുമെന്ന പ്രതീക്ഷ ഉടലെടുത്തിരുന്നു. എന്നാൽ, ഇന്നു കാണുന്ന ഭയാനകയുദ്ധവും അക്രമവും, സഹോദരനെ ഉന്മൂലനം ചെയ്യുന്ന കായേൻറെ മനോഭാവം നമ്മളിൽ ഇപ്പോഴും കുടികൊള്ളുന്നതായി വ്യക്തമാക്കുന്നു.

യുദ്ധം നേരിടുന്ന യുക്രെയ്നിൽ സമാധാനം ഉണ്ടാകാൻ മാർപാപ്പ പ്രത്യേകം പ്രാർഥിച്ചു. പലായനം ചെയ്യുന്ന ദശലക്ഷങ്ങളും അനാഥരായ കുട്ടികളും അടക്കമുള്ള യുദ്ധത്തിൻറെ ഇരകളെ അദ്ദേഹം സ്മരിച്ചു. സമാധാനത്തിനുള്ള ജനങ്ങളുടെ യാചന കേൾക്കാൻ രാഷ്ട്ര നേതാക്കൾ തയാറാകണമെന്ന് മാർപാപ്പ അഭ്യർഥിച്ചു.

യൂറോപ്പിലെത്തുന്ന അഭയാർഥികൾക്കും കുടിയേറ്റക്കാർക്കും വാതിൽതുറന്നു കൊടുക്കുന്നവർക്ക് മാർപാപ്പ നന്ദി പറഞ്ഞു. പശ്ചിമേഷ്യക്കുവേണ്ടിയുള്ള പ്രാർഥനയിൽ ജറൂസലെമിനെ പ്രത്യേകം സ്മരിച്ചു. ജറൂസലെമിനും അവളെ സ്നേഹിക്കുന്ന ക്രൈസ്തവർക്കും യഹൂദർക്കും മുസ്ലിംകൾക്കും സമാധാനം ഉണ്ടാകട്ടെ.

ആഭ്യന്തരയുദ്ധവും സാമ്പത്തികരാഷ്ട്രീയ പ്രതിസന്ധികളും നേരിടുന്ന യെമൻ, ലബനൻ, സിറിയ, ഇറാക്ക്, ലിബിയ രാജ്യങ്ങൾക്കായി മാർപാപ്പ പ്രാർഥിച്ചു. പട്ടാളം ഭരിക്കുന്ന മ്യാൻമർ അനുരഞ്ജനത്തിൻറെ പാത സ്വീകരിക്കാനും അഫ്ഗാനിസ്ഥാനിലെ ജനങ്ങൾ നേരിടുന്ന ദുരിതങ്ങൾ അവസാനിക്കാനും പ്രാർഥിച്ചു. ആഫ്രിക്കയിലെ എത്യോപ്യ, കോംഗോ രാജ്യങ്ങളെയും പ്രത്യേകം സ്മരിച്ചു.

## സർവകക്ഷിയോഗം പരാജയമല്ല, പോലീസിൻെറ ശക്തമായ ഇടപെടലുണ്ടാകും: മന്ത്രി കൃഷ്ണൻകുട്ടി

പാലക്കാട്: എസ്ഡിപിഐ, ആർഎസ്എസ് പ്രവർത്തകരുടെ കൊലപാതകങ്ങളെ തുടർന്ന് പാലക്കാട്ട് ചേർന്ന സർവകക്ഷിയോഗം പരാജയമല്ലെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി. അക്രമം ആവർത്തിക്കാതിരിക്കാൻ പോലീസിൻറെ ശക്തമായ ഇടപെടലുണ്ടാകും. തീവ്രവാദ സ്വഭാവമുള്ള അക്രമമാണ് നടന്നത്. ജനങ്ങളുടെ ഭീതി അകറ്റുകയെന്നതാണ് പ്രാധാനമെന്നും മന്ത്രി പറഞ്ഞു.

അതേസമയം യോഗം ബഹിഷ്കരിച്ച ബിജെപിയെ മന്ത്രി വിമർശിച്ചു. ബിജെപി യോഗത്തിൽ നിന്ന് ഇറങ്ങിപ്പോകാൻ തീരുമാനിച്ചു വന്നതെന്നും മന്ത്രി പറഞ്ഞു. സമൂഹത്തിൻറെ പൊതു അഭിപ്രായം ചർച്ച ചെയ്തു. ഇനിയും ചർച്ച സംഘടിപ്പിക്കും. യോഗത്തിൽ തർക്കം ഉണ്ടായിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

സമാധാന ശ്രമങ്ങളുമായി സഹകരിക്കുമെന്നാണ് സർവകക്ഷിയോഗത്തിനു ശേഷം എസ്ഡിപിഐ പ്രതികരിച്ചത്. ബിജെപി നിലപാട് സമാധാന ശ്രമങ്ങൾക്ക് തടസം നിൽക്കുന്നതായും അവർ പറഞ്ഞു.

യോഗം പ്രഹസനമാണെന്ന് ആരോപിച്ചാണ് ബിജെപി നേതാക്കളുടെ ബഹിഷ്കരണം. സഞ്ജിത്ത് വധക്കേസിൽ ഗൂഢാലോചന നടത്തിയവരെ പിടിക്കാൻ പോലീസിന് കഴിഞ്ഞില്ലെന്നും ജില്ലയിലെ ബിജെപി നേതാക്കളെയെല്ലാം കേസിൽ കുരുക്കാൻ പോലീസ് ശ്രമിക്കുകയാണെന്നും നേതാക്കൾ ആരോപിച്ചു.

സഞ്ജിത്ത് വധക്കേസിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് കുടുംബം ഹൈക്കോടതിയെ സമീപിച്ചപ്പോൾ സർക്കാർ പ്രതികൾക്ക് അനുകൂലമായ നിലപാടാണ് എടുത്തതെന്നും ബിജെപി നേതൃത്വം ആരോപിച്ചു.

സമാധാന യോഗത്തിൽ നിലവിൽ എംപിയും മുൻ എംപിയും തമ്മിൽ മൂപ്പിളമ തർക്കമാണ് നടക്കുന്നതെന്നും മന്ത്രിക്ക് വരെ നിർദ്ദേശം നൽകുന്നത് മുൻ എംപി എൻ.എൻ. കൃഷ്ണദാസ് ആണെന്നും ബിജെപി നേതാക്കൾ ആരോപിച്ചു.

## മംഗളൂരു മത്സ്യ സംസ്കരണ ശാലയിൽ വിഷവാതകം ശ്വസിച്ച് അഞ്ച് തൊഴിലാളികൾ മരിച്ചു

മംഗളൂരു : മത്സ്യ സംസ്കരണ ശാലയിൽ വിഷവാതകം ശ്വസിച്ച് അഞ്ച് തൊഴിലാളികൾ മരിച്ചു. പശ്ചിമ ബംഗാൾ സ്വദേശികളായ സമീയുള്ള ഇസ്ലാം , ഉമർ ഫാറൂഖ് , നിസാമുദ്ധീൻ സയ്ദ് , മിർസുൽ ഇസ്ലാം, സറാഫത്ത് അലി എന്നിവരാണ് മരിച്ചത് . ഗുരുതരമായ പരിക്കുകളോടെ അജൻ അലി, കരീബുള്ള , അഫ്തൽ മാലിക് എന്നിവരെ മംഗളൂരു എജെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ബജ്പെ പ്രത്യേക സാമ്പത്തിക മേഖലയിലെ ഫാക്ടറിയിലാണ് ഞായറാഴ്ച രാത്രി വൈകിയാണ് അപകടം. ടാങ്കിലെ മാലിന്യങ്ങൾ വൃത്തിയാക്കാൻ ശ്രമിക്കുന്നതിനിടെ സമീറുള്ള വിഷവാതകം ശ്വസിച്ച് കുഴഞ്ഞ് വീഴുകയായിരുന്നു. ഇയാളെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതിനിടെയാണ് മറ്റുള്ളവരും അപകടത്തിൽ പെട്ടത്.

തൊഴിലാളികൾക്ക് യാതൊരു വിധ സുരക്ഷ സംവിധാനങ്ങളും ഒരുക്കാതെയാണ് ജോലി ചെയ്യിക്കുന്നതെന്ന് ഫാക്ടറി സന്ദർശിച്ച ഡിസിപി ഹരിറാം ശങ്കർ പറഞ്ഞു. മാനേജർ റൂബി ജോസഫ് ഉൾപെടെ നാല് പേരെ സംഭവത്തിൽ അറസ്റ്റ് ചെയ്തു. മരിച്ചവരുടെ മൃതദേഹം ഏജെ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. ബന്ധുക്കൾ എത്തി സ്വദേശത്തേക്ക് കൊണ്ടു പോകും

## പാലക്കാട്ടെ കൊലപാതകം : പഴുതടച്ച് അന്വേഷണം ; 13 പേർ കസ്റ്റഡിയിൽ

പാലക്കാട് : പാലക്കാട്ടെ എസ്ഡിപിഐ, ആർഎസ്എസ് പ്രവർത്തകരുടെ കൊലയിൽ പഴുതടച്ച അന്വേഷണവുമായി പൊലീസ്. 13 പേരെ കസ്റ്റഡിയിലെടുത്തു. ഇരു കൊലപാതകങ്ങളുടെയും അന്വേഷണത്തിന് പ്രത്യേക സംഘങ്ങളെ നിയോഗിച്ചു. ചോദ്യംചെയ്യൽ തുടരുന്നുണ്ട്.

എസ്ഡിപിഐ പ്രവർത്തകൻ സുബൈർ വധക്കേസിൽ നാലുപേരാണ് പിടിയിലായത്. മുഴുവൻ പ്രതികളെയും ഉടൻ അറസ്റ്റ് ചെയ്യും. ഏഴുപേരെ ചോദ്യം ചെയ്ത് വിട്ടയച്ചു. നർകോട്ടിക് സെൽ ഡിവൈഎസ്പി എസ് ഷംസുദ്ദീനിനാണ് അന്വേഷണച്ചുമതല. ആർഎസ്എസ് പ്രവർത്തകൻ ശ്രീനിവാസന്റെ കൊലപാതകത്തിൽ ഒമ്പതുപേരാണ് കസ്റ്റഡിയിലുള്ളത്. ഇവരെ കൂടാതെ 10 പേരെയും ചോദ്യം ചെയ്തു. പ്രതികൾ ഉപയോഗിച്ച മൂന്ന് ബൈക്കിൽ ഒന്നിന്റെ ഉടമ സ്ത്രീയാണ്. ഇവരെയും ചോദ്യം ചെയ്യുന്നുണ്ട്. വായ്പയെടുക്കാൻ ഈടുവച്ച ബൈക്കാണിതെന്ന് ഇവർ മൊഴിനൽകി. നർകോട്ടിക് ഡിവൈഎസ്പി അനിൽകുമാറിനാണ് അന്വേഷണച്ചുമതല. എഡിജിപി വിജയ് സാഖറെ സ്ഥലത്ത് ക്യാമ്പ് ചെയ്ത് അന്വേഷണ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇരു കൊലയും രാഷ്ട്രീയ വൈരാഗ്യംമൂലമാണെന്നാണ് എഫ്ഐആറിൽ പറയുന്നത്.

കഴിഞ്ഞ ദിവസം കൊല്ലപ്പെട്ട ആർഎസ്എസ് പ്രവർത്തകൻ ശ്രീനിവാസന്റെ മൃതദേഹം ഞായറാഴ്ച വിലാപയാത്രയായി മൂത്താന്തറ കർണകിയമ്മൻ ഹയർ സെക്കൻഡറി സ്കൂളിൽ എത്തിച്ച് പൊതുദർശനത്തിനു വച്ചു. പകൽ രണ്ടിന് കറുകോടി ശ്മശാനത്തിൽ സംസ്കരിച്ചു. വിലാപയാത്ര കടന്നുപോയ വഴികളിൽ ആർഎസ്എസുകാർ കടകൾ അടപ്പിച്ചു. സംഘർഷസാധ്യത കണക്കിലെടുത്ത് ഞായർ വൈകിട്ട് നഗരത്തിൽ പൊലീസ് റൂട്ട് മാർച്ച് നടത്തി. ആർഎസ്എസ്, എസ്ഡിപിഐ കേന്ദ്രങ്ങളിൽ നിരീക്ഷണം ശക്തമാക്കി.

സംഘർഷം ഒഴിവാക്കാൻ ആർഎസ്എസിലെയും എസ്ഡിപിഐയിലെയും തീവ്രനിലപാടുള്ള 50 പേരെ പൊലീസ് കരുതൽ തടങ്കലിലാക്കി. വാഹനപരിശോധനയും മൊബൈൽ പട്രോളിങ്ങും സജീവമാണ്. 1330 അംഗ പൊലീസ് സേനയെ ജില്ലയിൽ വിന്യസിച്ചു. ലോക്കൽ പൊലീസും മുഴുവൻ സമയം രംഗത്തുണ്ട്. കോയമ്പത്തൂരിൽനിന്നുള്ള 890 പ്രത്യേക പൊലീസ് സംഘവും ജില്ലയിലെത്തി. ആലപ്പുഴ ഇരട്ടക്കൊലപാതകത്തെ തുടർന്ന് സംസ്ഥാനത്തെങ്ങും റൂട്ട് മാർച്ച് നടത്തി കലാപം വിതയ്ക്കാൻ ആർഎസ്എസ് ശ്രമിച്ചിരുന്നു. ഇക്കാര്യം പരിഗണിച്ച് രഹസ്യാന്വേഷണ വിഭാഗത്തിനും അതിജാഗ്രതാ നിർദേശം നൽകി.

സമൂഹമാധ്യമങ്ങളെയും പൊലീസ് നിരീക്ഷിക്കുന്നു. സമാധാനം പുനഃസ്ഥാപിക്കാൻ തിങ്കളാഴ്ച പാലക്കാട് സർവ കക്ഷിയോഗം ചേരും. വർഗീയ സംഘടനകൾ കലാപത്തിന് ശ്രമിക്കുന്ന പശ്ചാത്തലത്തിൽ ബഹുജനങ്ങളെ അണിനിരത്തി പ്രതിരോധിക്കാൻ എൽഡിഎഫ് ജില്ലാ കമ്മിറ്റി തീരുമാനിച്ചു. 25 മുതൽ 30 വരെ മണ്ഡലം കേന്ദ്രീകരിച്ച് ബഹുജനറാലി നടത്തുമെന്ന് നേതാക്കൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കൊലപാതകങ്ങൾക്ക് മുമ്പ് ബിജെപി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രൻ പാലക്കാട്ട് എത്തിയത് വിശദമായി അന്വേഷിക്കണമെന്ന് സിപിഐ എം ജില്ലാ സെക്രട്ടറി ഇ എൻ സുരേഷ്ബാബു ആവശ്യപ്പെട്ടു. സുരേന്ദ്രൻ മടങ്ങിയ ഉടനാണ് എസ്ഡിപിഐ പ്രവർത്തകനെ ആർഎസ്എസുകാർ കൊലപ്പെടുത്തിയത്.

ാക്കറെ പറഞ്ഞു. കല്ലേക്കാട് കെഎപി ക്യാമ്പിൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിനുശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗൂഢാലോചന നടത്തിയവരെയും നിയമത്തിനുമുന്നിലെത്തിക്കും. അന്വേഷണത്തിന് രണ്ട് സംഘത്തെ നിയോഗിച്ചു. സുബൈർ കേസിലെ പ്രതികളെ സംബന്ധിച്ച് കൃത്യമായ സൂചനയുണ്ട്. കുറച്ചുപേർ കസ്റ്റഡിയിലുണ്ട്. പ്രതികളാണെന്ന് ബോധ്യപ്പെട്ടാൽ അറസ്റ്റ് ചെയ്യും. ആർഎസ്എസ് പ്രവർത്തകൻ ശ്രീനിവാസന്റെ കൊലപാതകക്കേസിൽ സിസിടിവി ദൃശ്യം ലഭിച്ചു. സംശയിക്കപ്പെടുന്നവരുടെ വിവരം തയ്യാറാക്കി.

പ്രതികളെ കണ്ടെത്താൻ നാല് സംഘത്തെ നിയോഗിച്ചു. അറസ്റ്റ് ഉടനുണ്ടാകും. പൊലീസിന് വീഴ്ചയുണ്ടായതായി പറയാനാവില്ല.

ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന കൊലപാതകങ്ങൾ തടയുക ബുദ്ധിമുട്ടാണെന്നും എഡിജിപി പറഞ്ഞു.

## മുഖ്യമന്ത്രി വീണ്ടും അമേരിക്കയിലേക്ക്

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ ചികിത്സയ്ക്കായി വീണ്ടും അമേരിക്കയിലേക്ക്. ഈ മാസം 23നാണ് അമേരിക്കയിലേക്ക് പോകുന്നത്. മിനിസോട്ടയിലെ മയോ ക്ലിനിക്കിലാണ് മുഖ്യമന്ത്രി ചികിത്സ നടത്തുന്നത്. മുഖ്യമന്ത്രിയുടെ യാത്ര സംബന്ധിച്ച് ചീഫ് സെക്രട്ടറി ഉത്തരവിറക്കി.

അമേരിക്കയിൽ ചികിത്സ നടത്തിയിരുന്ന മുഖ്യമന്ത്രി, തുടർപരിശോധനകൾക്കായാണ് വീണ്ടും പോകുന്നത്. ഈ വർഷമാദ്യം ജനുവരി 15ന് മുഖ്യമന്ത്രി അമേരിക്കയിലേക്ക് ചികിത്സയ്ക്കായി പോയിരുന്നു. പിന്നീട് ജനുവരി 30നാണ് അദ്ദേഹം നാട്ടിൽ തിരിച്ചെത്തിയത്.

# കുട്ടനാട് തകർന്നടിയുന്നു; അടിയന്തര സഹായം എത്തിക്കണമെന്ന് ഉമ്മൻ ചാണ്ടി

മഹാപ്രളയകാലത്ത് ഉണ്ടായതിനേക്കാൾ കനത്ത നാശനഷ്ടം സംഭവിച്ച കുട്ടനാട് മേഖലയിൽ അടിന്തര സഹായം എത്തിച്ചില്ലെങ്കിൽ കർഷകരും കർഷകത്തൊഴിലാളികളും തകർന്നടിയുമെന്ന് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കൃഷിമന്ത്രി പി പ്രസാദിന് അയച്ച കത്തിൽ ചൂണ്ടിക്കാട്ടി.

അതിരൂക്ഷമായ വേനൽ മഴയെത്തുടർന്ന് കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ വ്യാപകമായ കൃഷിനാശമാണ് ഉണ്ടായിരിക്കുന്നത്. കൊയ്ത്തിന് തയാറെടുപ്പുകൾ നടത്തുന്ന അവസരത്തിൽ തികച്ചും അപ്രതീക്ഷിതമായി കാലം തെറ്റിവന്ന വേനൽമഴ കർഷകരെ ആശങ്കയിലാക്കിയിരിക്കുകയാണെന്ന് അവിടം സന്ദർശിച്ച ഉമ്മൻ ചാണ്ടി പറഞ്ഞു. ആകെ നിരാശയിലായ കർഷകരും തൊഴിലും വരുമാനവും നഷ്ടപ്പെട്ട കർഷക തൊഴിലാളികളും പട്ടിണിയുടെ പടിവാതിൽക്കലാണ്.

എടത്വാ മേഖലയിലെ (1) വൈപ്പിനിശ്ശേരി പാടശേഖരം (138 ഏക്കർ), (2) വൈപ്പിനിശ്ശേരി2 (50 ഏക്കർ), (3) ഇടപ്പുറക്കരി (325 ഏക്കർ), (5) കൊച്ചുറവേലി പാടം (90 ഏക്കർ), (6) പുത്തൻ വരമ്പിനകം (350 ഏക്കർ) തുടങ്ങി നിരവധി പാടശേഖരങ്ങളിലെ നെൽകൃഷി പൂർണ്ണമായും നശിച്ചു. കൊയ്ത്തു യന്ത്രങ്ങളുടെ ദൗർലഭ്യവും കൊയ്യാനുള്ള പ്രയാസവും സ്ഥിതിഗതി രൂക്ഷമാക്കി. കൊയ്യാറായ നെൽമണികൾ കൊഴിഞ്ഞുവീണതും കിളിർത്തതും മൂലം എല്ലാ മേഖലകളിലും നഷ്ടം പൂർണ്ണമാണ്.

ഓൺലൈൻ തകറാറും പരിചയക്കുറവും മൂലം 70% കർഷകർക്കും കൃഷി ഇൻഷർ ചെയ്യാൻ കഴിഞ്ഞില്ല. പാടശേഖരങ്ങൾ ഒന്നായി ഇൻഷർ ചെയ്യുന്ന സമ്പ്രദായത്തിന് പകരം ഓരോ കൃഷിക്കാരും പ്രത്യേകം കൃഷി ഇൻഷർ ചെയ്യണമെന്ന പുതിയ വ്യവസ്ഥമൂലം നിരവധി കർഷകർക്ക് ഇൻഷറൻസ് കവറേജ് ലഭിച്ചില്ല.

കൃഷിചെലവ് ഏക്കറിന് 50,000 രൂപയിൽ അധികമായ സാഹചര്യത്തിൽ നഷ്ടപരിഹാര തോത് വർദ്ധിപ്പിക്കുക, കൊയ്ത്തു യന്ത്രങ്ങൾ ലഭ്യമാക്കുക. മുൻകാലങ്ങളിലെ നഷ്ടപരിഹാര തുകയും സബ്സിഡി ആനുകൂല്യങ്ങളും ഇപ്പോഴത്തെ നഷ്ടപരിഹാര തുകയും ഉടനേ ലഭ്യമാക്കുക തുടങ്ങിയ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. ഇൻഷറൻസ് ഇല്ലാത്തവർക്ക് ഈ തവണ നഷ്ടപരിഹാരം നൽകണമെന്നും നെല്ല് സംഭരണത്തിലെ കിഴിവ് നിർത്തലാക്കണമെന്നും ഉമ്മൻ ചാണ്ടി ആവശ്യപ്പെട്ടു.

തൊഴിൽനഷ്ടം മൂലം വരുമാന ചോർച്ച നേരിടുന്ന കർഷക തൊഴിലാളികൾക്കും സാമ്പത്തിക സഹായം നൽകുകയും വ്യക്തിഗത ഇൻഷറൻസിന് പകരം പാടശേഖര സമിതി ഒന്നിച്ച് ഇൻഷർ ചെയ്യുന്ന രീതി പുന:സ്ഥാപിക്കുകയും വേണം.

പുറം ബുണ്ടുകൾ ബലപ്പെടുത്തി രണ്ട് കൃഷി ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കുക, കാലാവസ്ഥാ വ്യതിയാനം അനുസരിച്ച് കാർഷിക കലണ്ടർ പരിഷ്കരിക്കുക, നെല്ല് സംഭരണം ഊർജ്ജിതമാക്കുക, തണ്ണീർമുക്കം ഷട്ടർ പ്രവർത്തനം കാര്യക്ഷമമാക്കുക, വേമ്പനാട്ട് കായലിലെയും ജലാശയങ്ങളിലെയും തോട്ടപ്പള്ളി ലീഡിംഗ് ചാനലിലെയും മണലും ചെളിയും നീക്കം ചെയ്യുക, എ.സി. കനാൽ പള്ളാത്തുരുത്തി വരെ തുറക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുക, കർഷക തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങളും ഉമ്മൻ ചാണ്ടി ഉന്നയിച്ചു.

കൊടിക്കുന്നിൽ സുരേഷ് എം.പി., മുൻ മന്ത്രി കെ.സി. ജോസഫ്. ഡി.സി.സി. പ്രസിഡന്റ് ബാബു പ്രസാദ് എന്നിവരോടൊപ്പമാണ് ഉമ്മൻ ചാണ്ടി പാടശേഖരങ്ങൾ സന്ദർശിച്ചത്.



എക ജില്ലാ സമ്മേളനത്തിന്റെ ഭാഗമായുള്ള പൊതു സമ്മേളനം ആറ്റിങ്ങലിൽ പിബി അംഗം വിജയരാഘവൻ ഉദ്ഘാടനം ചെയ്യുന്നു

## കർഷക കടാശ്വാസ കമ്മീഷൻ ഇടുക്കി സിറ്റിംഗ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഈ മാസം ഇടുക്കി ജില്ലയിൽ സിറ്റിംഗ് നടത്തും. ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും.

ഇടുക്കി പൈനാവ് സർക്കാർ അതിഥി മന്ദിരത്തിൽ 19, 20, 21 തീയതികളിലാണ് സിറ്റിംഗ്. രാവിലെ 9:30 ന് സിറ്റിംഗ് ആരംഭിക്കും.

ഹിയറിംഗിന് ഹാജരാകാൻ നോട്ടീസ് ലഭിച്ചവർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട് ബാങ്ക് നൽകുന്ന വായ്പാ വിവരങ്ങളിൽ തർക്കം ഉണ്ടെങ്കിൽ ആവശ്യപ്പെട്ട രേഖകൾ സഹിതം കൃത്യസമയത്ത് ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന മൂന്നു മാസം ദൈർഘ്യമുള്ള അലുമിനിയം ഫാബ്രിക്കേഷൻ കോഴ്സിൽ അപേക്ഷ ക്ഷണിച്ചു.

ഫോൺ: 0471-2360611, 8075289889, 9495830907.

## സെക്യൂരിറ്റി സ്റ്റാഫ് ഒഴിവ്

സംസ്ഥാന സഹകരണ യൂണിയന് കീഴിലുള്ള ആർ.പരമേശ്വരൻപിള്ള മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജിൽ താൽക്കാലിക സെക്യൂരിറ്റി സ്റ്റാഫിനെ (എക്സ് സർവീസ്മെൻ) നിയമിക്കുന്നു.

23ന് രാവിലെ 10.30ന് കോളേജിൽ നടക്കുന്ന വാക്ക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. ഫോൺ: 9443607001.

## സീനിയർ ഡെവലപ്പർ ഒഴിവ്

കേരള ഹൈക്കോടതിയിലെ ഇ കോർട്ട് പദ്ധതിയിൽ സീനിർ ഡെവലപ്പറെ നിയമിക്കുന്നു. ബി.ഇ/ ബി.ടെക്/ എം.എസ്.സി/ എം.സി.എ യോഗ്യതയും കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, ഐ.ടി എന്നിവയിൽ സ്പെഷ്യലൈസേഷനും വേണം. 35,291 രൂപ വേതനം.

മൂന്നു വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.. വിശദവിവരങ്ങൾക്ക്: www.h-c-kr-e-cru-i-tm-en-t.in.

# കേരളത്തിലെ സ്ഥിതി രാജ്യത്തിന് ഭീഷണി; കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തെ സമീപിക്കും: കെ.സുരേന്ദ്രൻ

പാലക്കാട്: കേരളത്തിൽ പിണറായി വിജയൻ സർക്കാർ മതഭീകരവാദ സംഘടനയായ പോപ്പുലർ ഫ്രണ്ടിന് എല്ലാ സഹായങ്ങളും ഒത്താശയും നൽകുകയാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ. മറ്റൊരു സംസ്ഥാനത്തുമില്ലാത്ത തരത്തിൽ തീവ്രവാദ സംഘടനയുടെ പ്രവർത്തനത്തിന് കേരളസർക്കാർ സഹായം നൽകുന്നു. പോപ്പുലർ ഫ്രണ്ടിനെതിരായ കേസുകളിൽ സിബിഐ അന്വേഷണം നടത്തുന്നതിനെ പിണറായി സർക്കാർ എതിർക്കുന്നത് അക്കാരണത്താലാണ്. തനിമതഭീകരവാദ സംഘടനയെ ആർഎസ്എസ്സുമായി താരതമ്യം ചെയ്യുന്നത് അവരെ വെള്ളപൂശാനാണെന്നും കെ.സുരേന്ദ്രൻ മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

കേരളത്തിൽ സർക്കാരിന്റെ എല്ലാ ഒത്താശയോടും കൂടിയാണ് തീവ്രവാദ സംഘടനയായ എസ്ഡിപിഐ പ്രവർത്തിക്കുന്നത്. പോലീസിന്റെ കൈകളിൽ സിപിഎം വിലങ്ങുവച്ചിരിക്കുകയാണ്. ഭീകരവാദ കേസുകൾ അന്വേഷിക്കുന്നതിൽ പോലീസ് ദയനീയമായി പരാജയപ്പെട്ടു. എസ്ഡിപിഐ നടത്തുന്ന കൊലപാതകങ്ങളിലെലപ്രതികളെ പോലീസും സിപിഎമ്മും സഹായിക്കുകയാണെന്നും സുരേന്ദ്രൻ പറഞ്ഞു.

കേരളത്തിൽ രൂപപ്പെട്ടിട്ടുള്ള ഗുരുതര സ്ഥിതി മറ്റൊരു സംസ്ഥാനത്തുമില്ല. രാജ്യത്തിനുമുഴുവൻ ഭീഷണിയാണിത്. ഇതിനെതിരെ രാജ്യവ്യാപക പ്രതിഷേധം ഉയർന്നുവരേണ്ടതുണ്ട്. പാലക്കാട്ടെയും ആലപ്പുഴയിലെയും വയാലാറിലെയുമൊക്കെ കൊലപാതകങ്ങളെ ഒറ്റപ്പെട്ട സംഭവങ്ങളായി ചൂണിക്കാട്ടി ലഘൂകരിക്കാനാണ് നീക്കം. രാജ്യം നേരിടുന്ന വലിയ വിപത്താണിത്. കേരളത്തിലെ ഗുരുതര സ്ഥിതി കേന്ദ്രസർക്കാരിനെ അറിയിക്കും. ഈ വരുന്ന 29ന് കേന്ദ്രആഭ്യന്ത മന്ത്രി അമിത്ഷാ കേരളത്തിലെത്തുമ്പോൾ ഈ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തും.

ആലപ്പുഴയിലും വയലാറിലും പാലക്കാട്ടും ഭീകരവാദികൾ നടത്തിയ കൊലപാതകങ്ങളെല്ലാം ഏകപക്ഷീയമാണെന്ന് സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. മുൻകേസുകളിലെല്ലാം പ്രതികളെ അറസ്റ്റു ചെയ്യുന്നതിലും ഗൂഢാലോചന പുറത്തുകൊണ്ടുവരുന്നതിലും പോലീസ് ശ്രമിച്ചില്ല. പാലക്കാട്ടെ സഞ്ജിത്തിന്റെ കൊലപാതകത്തിന്റെ അന്വേഷണത്തിൽ അലംഭാവം ഉണ്ടായപ്പോഴാണ് ഹൈക്കോടതിയിൽ സിബിഐ അന്വേഷണത്തിന് ആവശ്യപ്പെട്ടത്. സംസ്ഥാന സർക്കാർ എസ്ഡിപിഐക്ക് അനുകൂല നിലപാടാണവിടെ സ്വീകരിച്ചത്. സിബിഐ അന്വേഷണത്തെ എതിർത്ത സർക്കാർ പ്രതികളുടെ വാദം കേൾക്കണമെന്ന വിചിത്രമായ കാരണമാണ് പറഞ്ഞത്. സിബിഐ വന്നാൽ ഗൂഢാലോചന പുറത്തുവരുമെന്ന ഭയത്താൽ തീവ്രവാദികളെ സഹായിക്കാനാണ് സർക്കാർ ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചത്. തീവ്രവാദികൾക്ക് എതിരായ കേസുകൾ സിബിഐ അന്വേഷിക്കുന്നതിനെ സംസ്ഥാന സർക്കാർ എന്തിനാണ് എതിർക്കുന്നത്. തനി മതഭീകരവാദ സംഘടനയുമായി മേശക്കിരുപുറവുമിരുന്ന് എന്തു ചർച്ചയാണ് നടത്തേണ്ടതെന്നും സുരേന്ദ്രൻ ചോദിച്ചു.

# കോൺഗ്രസ് അംഗത്വ കണക്ക് പുറത്തു വിട്ടില്ല; എ ഗ്രൂപ്പിന് അതൃപ്തി

തിരുവനന്തപുരം: കോൺഗ്രസ് അംഗത്വ വിതരണം പൂർത്തിയായിട്ടും ഇതു സംബന്ധിച്ച ഔദ്യോഗിക കണക്കു പുറത്തു വിടാതെ സംസ്ഥാന നേതൃത്വം. അംഗത്വ വിതരണവുമായി ബന്ധപ്പെട്ട കണക്കുകൾ പുറത്തു വിടാത്തതിൽ അടക്കം എ ഗ്രൂപ്പിനു കടുത്ത അതൃപ്തിയുണ്ടെന്നാണു വിവരം.

അംഗത്വ വിതരണം പ്രതീക്ഷിച്ചതു പോലുള്ള വിജയത്തിലെത്താത്തതു സംസ്ഥാന നേതൃത്വത്തിൻറെ പിടിപ്പു കേടുമൂലമാണെന്ന ആരോപണവും ഗ്രൂപ്പ് നേതൃത്വങ്ങൾ ഉയർത്തുന്നു.

അംഗത്വ വിതരണത്തിൻറെ സമയപരിധി നീട്ടിക്കിട്ടാൻ സംസ്ഥാന നേതൃത്വം കേന്ദ്ര തെരഞ്ഞെടുപ്പു സമിതിയുമായി ബന്ധപ്പെട്ടെങ്കിലും തെരഞ്ഞെടുപ്പു നടപടിക്രമങ്ങളിലേക്കു കടക്കേണ്ട സാഹചര്യത്തിൽ സമയം നീട്ടി നൽകിയില്ല.

ഇതേത്തുടർന്ന് അവസാന ദിവസങ്ങളിൽ കടലാസ് മെമ്പർഷിപ്പ് വിതരണം വേഗത്തിലാക്കാൻ നിർദേശിക്കുകയായിരുന്നു. കേന്ദ്ര നേതൃത്വത്തിൻറെ നിർദേശത്തിനു വിരുദ്ധമായി കടലാസ് അംഗത്വത്തിൽ ഫോട്ടോ ഒഴിവാക്കി നൽകിയതിലും അട്ടിമറിയുണ്ടെന്ന ആരോപണം എ ഗ്രൂപ്പ് നേതൃത്വം അടക്കം ആരോപിക്കുന്നു.

ഡിജിറ്റൽ മെമ്പർഷിപ്പ് വിതരണം മാത്രമാണു സംസ്ഥാനത്തു കാര്യക്ഷമമായി നടന്നതെന്നാണ് ഗ്രൂപ്പ് നേതൃത്വങ്ങൾ പറയുന്നത്.

30 ലക്ഷത്തിനും 35 നുമിടയിൽ പേർ പാർട്ടി അംഗത്വമെടുത്തിട്ടുണ്ടെന്നാണു നേതാക്കൾ കരുതുന്നത്. എന്നാൽ, അവസാന നിമിഷം അംഗത്വം പെരുപ്പിച്ചു കാണിക്കുന്നതിനായി നടത്തിയ നീക്കമായും വിലയിരുത്തപ്പെടുന്നു.

കഴിഞ്ഞ മാർച്ച് ഒന്നിനാണ് അംഗത്വ വിതരണത്തിനു തുടക്കമായത്. എന്നാൽ 23 വരെ ഡിജിറ്റൽ മെമ്പർഷിപ്പിൻറെ പരിശീലനമായിരുന്നു. അംഗത്വ വിതരണം തുടങ്ങിയ ശേഷവും പാർട്ടി പുനഃസംഘടനാ നടപടികളുമായി മുന്നോട്ടു പോയത് മൂന്നു മാസത്തോളം നഷ്ടമാക്കി.

, അംഗത്വ വിതരണത്തിനു പാർട്ടിയുടെ താഴെത്തട്ടിലെ ഘടകങ്ങളായ ബൂത്ത്, മണ്ഡലം, ബ്ലോക്ക് ഘടകങ്ങളിൽ ഗ്രൂപ്പുകളുടെ പൂർണ പിന്തുണ നൽകിയില്ലെന്ന പരാതി സംസ്ഥാന നേതൃത്വത്തിനുമുണ്ട്.

അംഗത്വ വിതരണവുമായി ബന്ധപ്പെട്ട അസംതൃപ്തി നേതാക്കൾക്കിടയിൽ പുകയുന്നതിനിടയിലാണ് ഇന്നു കെപിസിസി രാഷ്ട്രീയ കാര്യ സമിതിയും നേതൃയോഗവും ചേരുന്നത്. അംഗത്വ വിതരണം അടക്കമുള്ള വിഷയങ്ങൾ യോഗത്തിൽ ചർച്ചയാകും.

# ബിഎസ്എൻഎൽ കോപ്പർ കേബിൾ മോഷ്ടിച്ച കേസ്: രണ്ടാം പ്രതിയും അറസ്റ്റിൽ

തിരുവനന്തപുരം: ബിഎസ്എൻഎൽ കോപ്പർ കേബിൾ മോഷ്ടിച്ച കേസിലെ രണ്ടാം പ്രതിയും അറസ്റ്റിലായി. തിരുപുറം പഴയകട ചത്തിനാർ ക്ഷേത്രത്തിനു സമീപം മകം വീട്ടിൽ രാജേഷിനെ(42) യാണ് നേമം പൊലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ വിതുര ബിഎസ്എൻഎൽ എക്സ്ചേഞ്ചിലെ അസിസ്റ്റന്റ് ടെലിഫോൺ ടെക്നീഷ്യൻ ആണ്.കഴിഞ്ഞ മാസം 30നാണ് കേസിനാസ്പദമായ സംഭവം നടന്നത്. ബിഎസ്എൻഎൽ പാപ്പനംകോട് തൂവൻകുഴിയിൽ ഓവർ ഹെഡായി സ്ഥാപിച്ചിരുന്ന 100 മീറ്ററോളം വരുന്ന അഞ്ച് ജോഡി കോപ്പർ കേബിളുകളാണ് ഇയാളും മറ്റൊരു പ്രതിയും ചേർന്ന് മോഷ്ടിച്ചത്. കേസിൽ ബിഎസ്എൻഎൽ മുൻ താൽക്കാലിക ജീവനക്കാരനായ പാപ്പനംകോട് തൂക്കുവിള തകിടിയിൽ വീട്ടിൽ മോഹൻകുമാറിനെ നേരത്തെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.നേമം എസ്എച്ച്ഒ രഗീഷ്കുമാർ, എസ്ഐമാരായ വിപിൻ, പ്രസാദ്, ജോൺ വിക്ടർ, എഎസ്ഐ അജിത്കുമാർ, സിപിഒമാരായ സാജൻ, ബിനു എന്നിവരടങ്ങിയ പൊലീസ് സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## മരിയൂപോൾ വീണെന്ന് റഷ്യ; ചെറുത്തു നിൽക്കുകയാണെന്ന് ഉക്രയ്ൻ

കീവ് : ഉക്രയ്നിലെ തീരനഗരമായ മരിയൂപോൾ പൂർണമായും നിയന്ത്രണത്തിലായെന്ന് റഷ്യൻ സൈന്യം. ഒളിച്ചിരിക്കാൻ ടണലുകളുള്ള അസോവ്സ്തൽ സ്റ്റീൽ മിൽ പരിസരത്ത് മാത്രമാണ് നിലവിൽ ഉക്രയ്ൻ സൈന്യമുള്ളത്. ഉക്രയ്ൻ സൈന്യത്തോട് കീഴടങ്ങണമെന്നും റഷ്യ ആവശ്യപ്പെട്ടു. മരിയൂപോളിൽ ടർക്കിഷ് പള്ളിയിൽ ഉക്രയ്ൻ നവനാസികൾ തടവിലാക്കിയവരെ രക്ഷപ്പെടുത്തിയതായി റഷ്യൻ പ്രതിരോധവക്താവ് മേജർ ജനറൽ ഇഗർ കൊനാഷെൻകോവ് പറഞ്ഞു. തുർക്കി പ്രസിഡന്റ് റസപ് തയ്യിബ് എർദോഗന്റെ അഭ്യർഥനപ്രകാരം ശനിയാഴ്ച പ്രത്യേക സൈനിക ദൗത്യത്തിലൂടെയാണ് ഇവരെ രക്ഷപ്പെടുത്തിയത്.

എന്നാൽ, മരിയൂപോൾ ചെറുത്തുനിൽക്കുകയാണെന്ന് ഉക്രയ്ന്റെ ഉപ പ്രതിരോധ മന്ത്രി ഹന്ന മല്യാർ പറഞ്ഞു. രാജ്യത്തിന്റെ മറ്റു പ്രദേശങ്ങളിലേക്ക് കയറാൻ സമ്മതിക്കാതെ റഷ്യൻ സൈന്യത്തെ പ്രതിരോധിക്കുകയാണ് മരിയൂപോളെന്നും അവർ പറഞ്ഞു. റഷ്യ കരുതിക്കൂട്ടി മരിയൂപോളിലുള്ള ഓരോരുത്തരെയും ആക്രമിക്കുകയാണെന്ന് ഉക്രയ്ൻ പ്രസിഡന്റ് വ്ലോദിമിർ സെലൻസ്കി ആരോപിച്ചു. ഖർകിവിൽ ഷെൽ ആക്രമണത്തിൽ അഞ്ചു പേർ കൊല്ലപ്പെട്ടതായും 13 പേർക്ക് പരിക്കേറ്റതായും റിപ്പോർട്ടുണ്ട്.

# കീഴടങ്ങണമെന്നു റഷ്യ; മരിയുപോൾ വിട്ടുകൊടുക്കാതെ യുക്രെയ്ൻ സൈനികർ

കീവ്: കീഴടങ്ങാനുള്ള റഷ്യയുടെ അന്ത്യശാസനം വകവയ്ക്കാതെ മരിയുപോളിലെ യുക്രെയ്ൻ സൈനികർ. കീഴടങ്ങുന്നവരെ വധിക്കില്ലെന്നു റഷ്യ പറഞ്ഞിട്ടും നഗരം വിട്ടുകൊടുക്കാൻ യുക്രെയ്ൻ സൈനികർ തയാറായില്ല.

മരിയുപോളിലെ തുറമുഖത്തോടു ചേർന്നുള്ള അസോവ്താൾ ഉരുക്കുശാലയിലുള്ള യുക്രെയ്ൻ സൈനികർ ഇന്നലെ കീഴടങ്ങണമെന്നാണു റഷ്യൻ പ്രതിരോധ മന്ത്രാലയം ആവശ്യപ്പെട്ടത്. ആയുധം ഉപേക്ഷിക്കുന്നവരെ ജനീവ ഉടന്പടി പ്രകാരം യുദ്ധത്തടവുകാരായി പരിഗണിക്കും. കീവിലെ യുക്രെയ്ൻ ഭരണാധികാരിയുടെ നിർദേശത്തിനു കാത്തു നിൽക്കാതെ കീഴടങ്ങുന്നതാണു നല്ലതെന്നും അന്ത്യശാസനത്തിൽ പറഞ്ഞു.

എന്നാൽ ഇന്നലെ വൈകുംവരെ യുക്രെയ്ൻ സൈനികർ കീഴടങ്ങാൻ കൂട്ടാക്കിയില്ല. മരിയുപോളിലെ സൈനികരെ ഉന്മൂലനം ചെയ്യുന്നതു സമാധാന ചർച്ചയുടെ അവസാനമായിരിക്കുമെന്നു യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കി മുന്നറിയിപ്പു നല്കി.

ഇതിനിടെ, കരിങ്കടൽ കപ്പൽപ്പടയുടെ പ്രധാന യുദ്ധക്കപ്പലായ മോസ്ക്വാ മുങ്ങിയതിനു പിന്നാലെ കീവിലടക്കം യുക്രെയ്നിലെ ആയുധ നിർമാണസംഭരണ കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് റഷ്യ മിസൈൽ ആക്രമണം തുടരുകയാണ്.

കീവിലെ വെടിക്കോപ്പ് ഫാക്ടറിയിൽ ഇന്നലെ മിസൈൽ ആക്രമണം നടത്തിയതായി റഷ്യൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

പാശ്ചാത്യ ശക്തികൾ നല്കിയ ആയുധങ്ങളുമായി പറന്ന യുക്രെയ്ൻ സേനാവിമാനം ഒഡേസ നഗരത്തിനു സമീപം തകർത്തുവെന്നും റഷ്യ അറിയിച്ചു.

കീവിൽ റഷ്യ കൂടുതൽ ആക്രമണം നടത്തുമെന്നും നഗരത്തിൽനിന്നു പലായനം ചെയ്തവർ തിരിച്ചുവരരുതെന്നും മേയർ വിറ്റാളി നിർദേശിച്ചു.

യുക്രെയ്ൻ അധിനിവേശത്തിൽ റഷ്യയുടെ ഒരു ജനറൽകൂടി കൊല്ലപ്പെട്ടു. കരസേനയിലെ ഡെപ്യൂട്ടി കമാൻഡർ വ്ലാദിമിർ പെട്രോവിച്ച് ഫ്ലോറോവ് ആണു കൊല്ലപ്പെട്ടത്. യുക്രെയ്നിൽ കൊല്ലപ്പെടുന്ന എട്ടാമത്തെ റഷ്യൻ ജനറലാണ് ഇദ്ദേഹം.

ഇതുവരെ യുക്രെയ്ൻ സേനയിലെ 23,367 ഭടന്മാർ കൊല്ലപ്പെട്ടതായി റഷ്യൻ പ്രതിരോധമന്ത്രാലയം അറിയിച്ചു. മരിയുപോളിൽ മാത്രം 4,000 പേർ കൊല്ലപ്പെട്ടതായും കൂട്ടിച്ചേർത്തു.

# സ്വയം സുരക്ഷവർധിപ്പിക്കുന്ന മുഖ്യമന്ത്രി ജനങ്ങൾക്കും സുരക്ഷ ഒരുക്കണം: കെ.സുധാകരൻ എം.പി

സ്വന്തം സുരക്ഷ വർധിപ്പിച്ച് അധികാര ശീതളയിൽ അഭിരമിക്കുന്ന മുഖ്യമന്ത്രി ജനങ്ങളുടെ സുരക്ഷാകാര്യങ്ങളിൽക്കൂടി ശ്രദ്ധിക്കണമെന്ന് കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എം.പി.

ആരുവേണമെങ്കിലും ഏതുസമയത്തും കൊല്ലപ്പെടുന്ന സാഹചര്യമാണ് കേരളത്തിൽ. പാലക്കാട് വിഷുദിനത്തിൽ പിതാവിന്റെ കൺമുന്നിലിട്ട് മകനെ വെട്ടിക്കൊന്ന സംഭവം കേരള മനസാക്ഷിയെ ഞെട്ടിച്ചു. കേരളത്തിൽ കൊലപാതകങ്ങൾ തുടർക്കഥയാകുന്നു. ഇത് സംസ്ഥാനത്തിന്റെ ക്രമസമാധാന തകർച്ചയെയാണ് കാണിക്കുന്നത്. ജനങ്ങൾക്ക് സ്വൈര്യ ജീവിതം ഉറപ്പാക്കുന്നതിൽ കേരള സർക്കാർ പരാജയപ്പെട്ടു. ലഹരിമാഫിയുടെയും ഗുണ്ടാസംഘങ്ങളുടെയും തട്ടിപ്പ് സംഘങ്ങളുടെയും പറുദീസയായി മാറി കേരളം. ആഭ്യന്തരവകുപ്പ് നിർജ്ജീവമാണ്. കൊലപാതകങ്ങൾ നടന്ന ശേഷമാണ് പലപ്പോഴും പോലീസ് അതിനെ കുറിച്ച് അറിയുന്നത്. അക്രമ സാധ്യത മുൻകൂട്ടി തിരിച്ചറിയാനോ അത് തടയാനോ സംസ്ഥാന രഹസ്യാന്വേഷണ സംവിധാനത്തിന് കഴിയാതെ പോകുന്നത് ദയനീയമാണ്. ആഭ്യന്തരവകുപ്പ് നാഥനില്ലാ കളരിയായി. ആഭ്യന്തരവകുപ്പിന് മുഴുവൻ സമയ മന്ത്രിയില്ലാത്തതാണ് ഇതിനെല്ലാം കാരണം. നിലവിൽ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിക്ക് ഇതൊന്നും ശ്രദ്ധിക്കാനും വകുപ്പിനെ ശരിയാം വിധം ഭരിക്കാനും നിയന്ത്രിക്കാനും കഴിയുന്നില്ല. മുഖ്യമന്ത്രിക്ക് ജനങ്ങളുടെ സുരക്ഷയെക്കാൾ സ്വന്തം സുരക്ഷ വർധിപ്പിക്കുന്നതിനാണ് താൽപ്പര്യമെന്നും സുധാകരൻ പരിഹസിച്ചു.

തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സിപിഎമ്മിന്റെ രഹസ്യ സഖ്യകക്ഷികളാണ് ഇപ്പോൾ പരസ്പരം വെട്ടിമരിക്കുന്നത്. കൊലപാതക രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്ന ഭീകര രാഷ്ട്രീയ പ്രസ്ഥാനങ്ങളെ നിരോധിക്കണം. പാലക്കാട് എലപ്പുള്ളിയിൽ കൊല്ലപ്പെട്ട സുബൈറിന്റേത് രാഷ്ട്രീയ കൊലപാതകമെന്നാണ് പോലീസ് പറയുന്നത്. നാലു മാസം മുൻപ് ഇതേപ്രദേശത്ത് ഒരു ആർഎസ്എസ് പ്രവർത്തകൻ കൊല്ലപ്പെട്ടിരുന്നു. അതാണ് ഇപ്പോൾ നടന്ന കൊലയ്ക്ക് കാരണമെന്നാണ് സൂചന. പോലീസ് കൂടുതൽ ജാഗ്രത പുലർത്തിയിരുന്നെങ്കിൽ രണ്ടാമത്തെ കൊലപാതകം ഒഴിവാക്കാമായിരുന്നു. അന്ന് കൊല്ലപ്പെട്ട സഞ്ജിത്തിന്റെ ഉടമസ്ഥതയിലുള്ള കാർ സംഭവസ്ഥലത്ത് നിന്ന് കണ്ടെത്തിയതിലും ദുരൂഹതയുണ്ട്. കൊലപാതകം കഴിഞ്ഞ് മണിക്കൂറുകൾ പിന്നിട്ടിട്ടും പ്രതികളെ പിടികൂടാൻ സാധിക്കാതെ പോയത് ആഭ്യന്തരവകുപ്പിന്റെ പിടിപ്പുകേടാണ്. പകപോക്കലിന്റെ പേരിൽ എതിരാളികളെ ഇല്ലായ്മ ചെയ്യുന്ന ഹീനരാഷ്ട്രീയ ആശയത്തിന് അറുതി വരുത്തണമെന്നും സുധാകരൻ പറഞ്ഞു.

## അവധിക്കാല കോഴ്സ്

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന അവധിക്കാല കോഴ്സുകളായ ബേസിക് ഇലക്ട്രോണിക്സ് ആൻഡ് ഹോബി സർക്യൂട്ട്സ്, കമ്പ്യൂട്ടർ ഫണ്ടമെന്റൽസ് ആൻഡ് ഓഫീസ് പാക്കേജ്, പ്രോഗ്രാമിംഗ് ഇൻ ഇ++, ഇന്റർനെറ്റ്/ വെബ് പ്രോഗ്രാമിംഗ്, മൊബൈൽ പ്രോഗ്രാമിംഗ് (ആൻഡ്രോയിഡ്), ബേസിക്സ് ഓഫ് കമ്പ്യൂട്ടർ ഹാർഡ്വെയർ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഗാർമെന്റ് മേക്കിംഗ് ആൻഡ് ഫാഷൻ ഡിസൈനിംഗ്, പ്ലമ്പിംഗ് ആൻഡ് സാനിട്ടേഷൻ, ഡി.റ്റി.പി എന്നിവയിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെൽ ഓഫീസിൽ ബന്ധപ്പെടണം. ഫോൺ: 0471-2360611, 8075289889, 9495830907.

# ജിഎസ്ടി: അഞ്ചു ശതമാനം നികുതി സ്ലാബ് ഇല്ലാതായേക്കും

ന്യൂഡൽഹി: ജിഎസ്ടി സ്ലാബിലെ അഞ്ചു ശതമാനം നികുതി ഒഴിവാക്കുന്നതു ജിഎസ്ടി കൗൺസിൽ പരിഗണനയിലേക്ക്. അഞ്ചു ശതമാനം നികുതി സ്ലാബ് ഒഴിവാക്കി ആ ഗണത്തിൽ വരുന്നവയെ തരംതിരിച്ച് മൂന്നു ശതമാനം, എട്ട് ശതമാനം എന്നിങ്ങനെ നികുതി ഏർപ്പെടുത്താനാണ് ആലോചന. വൻ തോതിൽ ഉപഭോഗം ചെയ്യപ്പെടുന്നവയെ മൂന്നു ശതമാനത്തിലും ബാക്കിയുള്ളവയെ എട്ടു ശതമാനത്തിലും ഉൾപ്പെടുത്തും.

നിലവിൽ 5, 12, 18, 28 എന്നീ ശതമാനങ്ങളിൽ നാലു തലങ്ങളുള്ള ഘടനയാണ് ജിഎസ്ടിക്കുള്ളത്. പുതിയ രീതി നടപ്പായാൽ അഞ്ചു സ്ലാബുകൾ ആകും. സ്വർണത്തിനും സ്വർണഭരണങ്ങൾക്കും മൂന്നു ശതമാനം നികുതിയുണ്ട്. കൂടാതെ, ബ്രാൻഡ് ചെയ്യാത്തതും പായ്ക്ക് ചെയ്യാത്തതുമായ ഭക്ഷ്യവസ്തുക്കൾ പോലുള്ള നികുതി ഒഴിവാക്കപ്പെട്ടവയുടെ പട്ടികയും ഉണ്ട്.

അതേസമയം, വരുമാനം വർധിപ്പിക്കാൻ നികുതി ഒഴിവാക്കപ്പെട്ടിരിക്കുന്ന പട്ടികയിലെ ചില ഇനങ്ങളെ മൂന്നു ശതമാനം നികുതിയിലേക്കു കൊണ്ടുവരുന്നത് കൗൺസിൽ പരിഗണിച്ചേക്കും. ചില ഭക്ഷ്യേതര ഇനങ്ങളെ മൂന്നു ശതമാനം സ്ലാബിൽ കൊണ്ടുവരാനാണ് ആലോചിക്കുന്നത്.

അഞ്ചു ശതമാനം സ്ലാബ് ഏഴോ എട്ടോ ഒൻപതോ ശതമാനമായി ഉയർത്താനുള്ള ചർച്ചകൾ പുരോഗമിക്കുകയാണെന്നും കേന്ദ്രസംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ ഉൾപ്പെടുന്ന ജിഎസ്ടി കൗൺസിൽ അന്തിമ തീരുമാനം എടുക്കുമെന്നും ജിഎസ്ടി വൃത്തങ്ങൾ അറിയിച്ചു.

ഇപ്പോൾ കണക്കാക്കുന്നത് അനുസരിച്ച്, പ്രധാനമായും പാക്കേജ് ചെയ്ത ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടുന്ന അഞ്ചു ശതമാനം സ്ലാബിലെ ഓരോ ഒരു ശതമാനം വർധനയും ഏകദേശം 50,000 കോടി രൂപയുടെ അധിക വരുമാനം പ്രതിവർഷം നൽകും.

വിവിധ ഓപ്ഷനുകൾ പരിഗണനയിലുണ്ടെങ്കിലും നിലവിൽ അഞ്ചു ശതമാനം നികുതി ചുമത്തുന്ന മിക്ക ഇനങ്ങൾക്കും എട്ടു ശതമാനം ഏർപ്പെടുത്താനാണ് സാധ്യത കൂടുതൽ. അവശ്യ സാധനങ്ങളെ ഒഴിവാക്കുകയോ ഏറ്റവും കുറഞ്ഞ നികുതി ചുമത്തുകയോ ആണ് നിലവിൽ ചെയ്യുന്നത്. അതേസമയം, ആഡംബര ഇനങ്ങൾ ഏറ്റവും ഉയർന്ന നികുതി പേറുന്നു.

ഏറ്റവും ഉയർന്ന 28 ശതമാനം സ്ലാബിനു മുകളിൽ ചില വസ്തുക്കൾക്ക് സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് ജിഎസ്ടി നടപ്പാക്കുന്നതു മൂലമുള്ള വരുമാന നഷ്ടം നികത്താനാണ് ഈ സെസ് ഉപയോഗിക്കുന്നത്. ജിഎസ്ടി നഷ്ടപരിഹാര വ്യവസ്ഥ ജൂണിൽ അവസാനിക്കാനിരിക്കെ, സംസ്ഥാനങ്ങൾ സ്വയം പര്യാപ്തത കൈവരിക്കേണ്ടത് അത്യാവശ്യമാണ്.

നികുതി നിരക്കുകൾ യുക്തിസഹമാക്കിയും നികുതി ഘടനയിലെ അപാകതകൾ തിരുത്തിയും വരുമാനം വർധിപ്പിക്കാനുള്ള വഴികൾ നിർദേശിക്കാനായി കർണാടക മുഖ്യമന്ത്രി ബസവരാജ് ബൊമ്മെയുടെ നേതൃത്വത്തിൽ സംസ്ഥാന മന്ത്രിമാരുടെ സമിതിയെ കൗൺസിൽ കഴിഞ്ഞ വർഷം രൂപീകരിച്ചിരുന്നു.

അടുത്ത മാസം ആദ്യത്തോടെ മന്ത്രിമാരുടെ സംഘം ശിപാർശകൾ സമർപ്പിച്ചേക്കും. അത് അന്തിമ തീരുമാനത്തിനായി മേയ് പകുതിയോടെ കൗൺസിലിനു മുമ്പാകെ വയ്ക്കും. 2017 ജൂലൈ ഒന്നിന് ജിഎസ്ടി നടപ്പാക്കിയ സമയത്ത്, 2022 ജൂൺ വരെ അഞ്ച് വർഷത്തേക്കു സംസ്ഥാനങ്ങൾക്കു നഷ്ടപരിഹാരം നൽകാനും 201516ലെ അടിസ്ഥാന വർഷ വരുമാനത്തേക്കാൾ 14 ശതമാനം വാർഷിക വരുമാനം ഉറപ്പാക്കാനും കേന്ദ്രം സമ്മതിച്ചിരുന്നു.

കഴിഞ്ഞ വർഷങ്ങളിൽ ജിഎസ്ടി കൗൺസിൽ പലപ്പോഴും വ്യാപാര വ്യവസായ മേഖലകളുടെ ആവശ്യങ്ങൾക്കു വഴങ്ങുകയും നികുതി നിരക്കുകൾ കുറയ്ക്കുകയും ചെയ്തു. ഉദാഹരണത്തിന്, ഏറ്റവും ഉയർന്ന 28 ശതമാനം നികുതി ചുമത്തുന്ന ചരക്കുകളുടെ എണ്ണം 228ൽനിന്ന് 35ൽ താഴെയായി.

ജിഎസ്ടി നഷ്ടപരിഹാരം അഞ്ച് വർഷത്തിനപ്പുറം നീട്ടില്ലെന്ന നിലപാടിൽ കേന്ദ്രം ഉറച്ചുനിൽക്കുമ്പോൾ, ഉയർന്ന നികുതികളിലൂടെ വരുമാനം കൂട്ടുക എന്നതു മാത്രമാണ് കൗൺസിലിനു മുന്നിലുള്ള ഏക പോംവഴിയെന്നു സംസ്ഥാനങ്ങൾ കരുതുന്നു

# നവകേരള തദ്ദേശകം 2022: പെൻഡിംഗ് ഫയൽ അദാലത്ത് സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് മന്ത്രി

സംസ്ഥാനത്തെ പതിനാല് ജില്ലകളിലും സംഘടിപ്പിച്ച നവകേരള തദ്ദേശകം 2022ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തുന്ന പെൻഡിംഗ് ഫയൽ അദാലത്ത് ഓരോ തലത്തിലും നിശ്ചയിച്ച സമയത്തിന് തന്നെ പൂർത്തിയാക്കണമെന്ന് തദ്ദേശ സ്വയംഭരണ, മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള വിവിധ തലങ്ങളിലാണ് ഫയൽ അദാലത്ത്. ഈ വർഷം ജനുവരി 31 വരെ സ്വീകരിച്ചതും ആരംഭിച്ചതും തീർപ്പാക്കാത്തതുമായ എല്ലാ ഫയലുകളും വർഷം തിരിച്ചും കാറ്റഗറി തിരിച്ചും ഓഫീസ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയാണ് അദാലത്ത് നടത്തുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

കെട്ടിക്കിടക്കുന്നതും തീർപ്പ് കൽപ്പിക്കാത്തതുമായ എല്ലാ ഫയലുകളും അതാത് ഓഫീസിൽ തീർപ്പാക്കാനും ഉയർന്ന തട്ടിലെ ഓഫീസുകളിലേക്ക് നൽകാനുള്ളവ നൽകിയ ശേഷം റിപ്പോർട്ട് നൽകാനും നിർദേശം നൽകിയിട്ടുണ്ട്. അത്തരം ഫയലുകൾ ഏപ്രിൽ 12നകം തദ്ദേശ സ്ഥാപന തലത്തിലും മറ്റ് ഓഫീസ് തലങ്ങളിലും തീർപ്പാക്കി ഉയർന്ന തലത്തിലുള്ള ഓഫീസുകളിലേക്ക് എത്തിച്ചിട്ടുണ്ട്. ജില്ലാതല ഓഫീസുകൾ ഏപ്രിൽ 20നകവും ഡയറക്ടറേറ്റുകൾ ഏപ്രിൽ 25നകവും ഫയലുകൾ തീർപ്പാക്കി അടുത്ത തലത്തിലേക്ക് നൽകാൻ നിർദേശിച്ചതായി മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തീർപ്പാക്കേണ്ട എല്ലാ ഫയലുകളും ഏപ്രിൽ 21നകം തീർപ്പാക്കണം. ഇതുമായി ബന്ധപ്പെട്ട് അപേക്ഷകനുമായോ മറ്റുള്ള ആരെങ്കിലുമായോ നേരിട്ട് സംസാരിക്കേണ്ടതുണ്ടെങ്കിൽ അവരെ വിളിച്ച് ചർച്ച നടത്തുവാൻ മുൻകൂർ നോട്ടീസ് നൽകണം. ഏപ്രിൽ 21 വരെ ഫിസിക്കൽ അദാലത്ത് നടത്തി ഫയലുകളിൽ തീർപ്പുണ്ടാക്കും. ഇത്തരത്തിലെ ഫയലുകളിലെ അന്തിമ തീരുമാനത്തിന് മേൽത്തട്ടിന്റെ സ്പഷ്ടീകരണം ആവശ്യമെങ്കിൽ അവിടെ നടത്തുന്ന ഫയൽ അദാലത്തിന്റെ തീയതിയും മറ്റ് വിശദാംശങ്ങളും അദാലത്തിൽ പങ്കെടുക്കുന്നയാൾക്ക് ലഭ്യമാക്കണമെന്ന് മന്ത്രി നിർദേശിച്ചു. ജില്ലാതലത്തിൽ ഏപ്രിൽ 23നകവും ഡയറക്ടറേറ്റ് തലത്തിൽ ഏപ്രിൽ 28നകവും സർക്കാർ തലത്തിൽ ഏപ്രിൽ 30നകവും ഫയലുകൾ തീർപ്പാക്കണം. ഓരോ ഓഫീസ് തലത്തിലും ജില്ലകൾക്കും സംസ്ഥാനത്തിനും പൊതുവായും ഫയൽ അദാലത്ത് സംവിധാനം വിജയിപ്പിക്കുന്നതിനായി നോഡൽ ഓഫീസർമാരെ നോമിനേറ്റ് ചെയ്തിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ഫയൽ അദാലത്ത് സംവിധാനം ഓരോ തലത്തിലും കൃത്യമായി ഡോക്യുമെന്റ് ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

## ലീഗൽ കൗൺസലർ അപേക്ഷ ക്ഷണിച്ചു

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കുഞ്ചാലുംമൂട് പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിൽ ലീഗൽ കൗൺസലർ തസ്തികയിൽ സ്ത്രീ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. അപേക്ഷകർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 28ന് വൈകുന്നേരം 5 നകം നൽകണം. വിലാസം: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652 കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ., തിരുവനന്തപുരം. എൽ.എൽ.ബിയാണ് യോഗ്യത. പ്രായം 25നും 45നും മദ്ധ്യേ. പ്രതിമാസം 7500 രൂപ ഹോണറേറിയം ലഭിക്കും. അഭിഭാഷകയായി മൂന്നു വർഷത്തെ പ്രവൃത്തി പരിചയം വേണം. ഫോൺ: 0471-2348666.

# ശബരിമല തീർഥാടകർക്ക് ഇടത്താവളങ്ങളിൽ മികച്ച സൗകര്യം ഒരുക്കും: മന്ത്രി

ശബരിമല തീർഥാടകർക്ക് ഇടത്താവളങ്ങളിൽ മികച്ച സൗകര്യമൊരുക്കുമെന്ന് ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു. ശബരിമല ഇടത്താവള വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ കിഫ്ബിയുടെ സഹായത്തോടെ നിലയ്ക്കൽ ശ്രീ മഹാദേവ ക്ഷേത്രത്തിന് സമീപം നിർമിക്കുന്ന വിശ്രമകേന്ദ്രത്തിന്റെ നിർമാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

പുതുതായി നിർമിക്കുന്ന ഇടത്താവളങ്ങൾ സംസ്ഥാനത്തിന് അകത്തു നിന്നും പുറത്തു നിന്നുമെത്തുന്ന തീർഥാടകർക്ക് ഏറെ പ്രയോജനകരമായി മാറും. മനുഷ്യന് നന്മ ചെയ്യാൻ കഴിയുന്നതാവണം മതം. ദേവാലയങ്ങളുടെ സൗകര്യങ്ങൾ വർധിപ്പിക്കുന്നത് എല്ലാ ജനങ്ങൾക്കും വേണ്ടിയാണ്. കേവലം ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥരായി മാത്രം ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ മാറരുത്. ഉദ്യോഗസ്ഥരുടെ നല്ല ഇടപെടലുകളുണ്ടായാൽ ഓരോ ക്ഷേത്രാങ്കണങ്ങളേയും മെച്ചപ്പെട്ട രീതിയിൽ മാറ്റുവാൻ കഴിയും. ഏറ്റവും വൃത്തിയുള്ള കേന്ദ്രമാക്കി ശബരിമലയെ മാറ്റുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

54.35 കോടി രൂപ ചിലവിൽ 8855 സ്ക്വയർ മീറ്ററിൽ ഇരുനിലകളിലായി ഏഴു കെട്ടിടങ്ങളാണ് നിർമിക്കുന്നത്. അയ്യപ്പന്മാർക്കുള്ള വിശ്രമകേന്ദ്രം, ശുചിമുറികൾ, ലിഫ്റ്റ്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയും സജ്ജീകരിക്കും.

അഡ്വ.പ്രമോദ് നാരായൺ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ, ദേവസ്വം ബോർഡ് അംഗങ്ങളായ പി.എം. തങ്കപ്പൻ, മനോജ് ചരളേൽ, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ(ജനറൽ) ജി. കൃഷ്ണകുമാർ, ചീഫ് എൻജിനിയർ ആർ. അജിത്ത് കുമാർ, നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഒഴിവ്

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിൽ ഒഴിവുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ, ഹൈസ്ക്കൂൾ അസിസ്റ്റന്റ്, എൽ.പി/യു.പി. അസിസ്റ്റന്റ് തസ്തികകളിലേക്കും 2022-23 അദ്ധ്യയന വർഷം താൽക്കാലികമായി ഉണ്ടായേക്കാവുന്ന അദ്ധ്യാപക തസ്തികകളിലേക്കും 2022-23 അദ്ധ്യായന വർഷത്തേക്ക് മാത്രം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്ന് (പി.എസ്.സി നിയമനത്തിനായി നിഷ്കർഷിക്കുന്ന യോഗ്യതകൾ) അപേക്ഷകൾ ക്ഷണിച്ചു. അതാതു സ്കൂളുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തെ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. റസിഡൻഷ്യൽ സ്വഭാവമുള്ളതിനാൽ സ്കൂളുകളിൽ താമസിച്ച് പഠിപ്പിക്കണം. കരാർ കാലാവധിയിൽ യോഗ്യതാ പ്രമാണങ്ങളുടെ അസ്സൽ ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിക്കണം. കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അവ തിരികെ നൽകും. അപേക്ഷകൾ 30 വരെ സ്വീകരിക്കും. വിശദവിവരങ്ങൾക്ക്: 0471-2304594, 2303229.

# വീവിംഗ് ആൻഡ് ടെയിലറിംഗ് കോഴ്സ്

വിതുര ചേന്നൻപാറയിലെ പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള പ്രോഡക്ഷൻ കം ട്രെയിനിംഗ് സെന്ററിൽ വീവിംഗ് ആൻഡ് ടെയ്‌ലറിംഗ് കോഴ്സിന് ഏഴാം ക്ലാസ് ജയിച്ച പട്ടികവർഗ യുവതീ യുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. നിശ്ചിത ഫോമിലെ അപേക്ഷകൾ പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി പ്രോജക്ട് ഓഫീസ്, സത്രം ജംഗ്ഷൻ, നെടുമങ്ങാട് പി.ഒ എന്ന വിലാസത്തിലോ, സൂപ്പർവൈസർ, പ്രോഡക്ഷൻ കം ട്രെയിനിംഗ് സെന്റർ, ചേന്നൻപാറ, വിതുര എന്ന വിലാസത്തിലോ 25ന് വൈകിട്ട് അഞ്ച് മണിക്ക് മുമ്പ് ലഭിക്കണം. അപേക്ഷയുടെ മാതൃകയും മറ്റുവിശദ വിവരങ്ങളും പ്രോഡക്ഷൻ കം ട്രെയിനിംഗ് സെന്ററിലോ, കാട്ടാക്കട, വാമനപുരം (നന്ദിയോട്), നെടുമങ്ങാട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, എം.ഡബ്ല്യു.ടി.സി ഞാറനിലി എന്നിവിടങ്ങളിൽ ലഭിക്കും. അപേക്ഷയോടൊപ്പം ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യണം. ഫോൺ: 9496070346 (നെടുമങ്ങാട്), 9496070345 (വാമനപുരം), 9496070344 (കുറ്റിച്ചൽ). സൂപ്പർവൈസർ, പ്രോഡക്ഷൻ കം ട്രയിനിംഗ് സെന്റർ ചേന്നൻപാറ: 9496737851.

## വാക്ക് ഇൻ ഇന്റർവ്യൂ 27ന്

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ഹോമിലേക്ക് ഹോം മാനേജർ തസ്തികയിൽ വാക്ക് ഇൻ ഇന്റർവ്യൂ 27ന് രാവിലെ 11.30ന് നടക്കും. സ്ത്രീ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം കാസർഗോഡ് കളക്ട്രേറ്റ് മെയിൻ കോൺഫറൻസ് ഹാളിൽ നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാകണം. ഒരു ഒഴിവുണ്ട്. ഫോൺ: 0471 2348666

# സീനിയർ ക്ലാർക്ക് ഡെപ്യൂട്ടേഷൻ നിയമനം

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ മെയ് മുതൽ ഒഴിവുവരുന്ന സീനിയർ ക്ലർക്കിന്റെ (അക്കൗണ്ട്സ് സെക്ഷൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വിവിധ സർക്കാർ വകുപ്പുകളിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. ശമ്പള സ്കെയിൽ: 35600-75400/-. മാതൃ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം, കെ.എസ്.ആർ പാർട്ട്-ക റൂൾ-144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, ഡിക്ലറേഷൻ എന്നിവ സഹിതമുള്ള അപേക്ഷ വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കണം.

അപേക്ഷകൾ മെയ് 10 നകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ബിൽഡിംഗ്, റ്റി.സി.നമ്പർ.28/2857(1), കുന്നുംപുറം റോഡ്, വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം-35 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0471-2464240.

# സ്പോർട്സ് ക്വാട്ടാ പ്രവേശനത്തിന് അപേക്ഷിക്കാം

സംസ്ഥാനത്തെ സഹകരണ യൂണിയൻ 2022 ലെ ജൂനിയർ ഡിപ്ലോമ കോഴ്സിന് കായിക താരങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകളിൽ പ്രവേശനത്തിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അപേക്ഷ ക്ഷണിച്ചു. നിർദ്ദിഷ്ട ഫോമിൽ സംസ്ഥാന സഹകരണ യൂണിയൻ സെക്രട്ടറിക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പി, യോഗ്യത സർട്ടിഫിക്കറ്റുകളുടെയും സ്പോർട്സിൽ പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ ഫോട്ടോസ്റ്റാറ്റ് സഹിതം സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തിരുവനന്തപുരം1 എന്ന വിലാസത്തിൽ ഏപ്രിൽ 30 നകം നൽകണം.

2020 ഏപ്രിൽ ഒന്നു മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ എഡ്യുക്കേഷണൽ ഡിസ്ട്രിക്റ്റ്/ സബ് ഡിസ്ട്രിക്റ്റ് സ്കൂൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം വരെ നേടിയവർക്ക് സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് അപേക്ഷിക്കാം. മേൽ വർഷങ്ങളിൽ സ്പോർട്സ് രംഗത്തെ പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കൂ. അപേക്ഷകർ സ്പോർട്സ് നിലവാരം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് മുൻഗണനാക്രമത്തിൽ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. അപൂർണ്ണമായതും നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കില്ല.

## എൻട്രൻസ് പരീക്ഷാ പരിശീലനം

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ മെഡിക്കൽ/ നീറ്റ് എൻട്രൻസ് പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ പട്ടികജാതി/ പട്ടികവർഗക്കാർക്കും ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള പിന്നാക്ക ന്യൂനപക്ഷ വിഭാഗക്കാർക്കും അപേക്ഷിക്കാം. മേയ് ഒമ്പതിന് ആരംഭിക്കുന്ന ക്ലാസിൽ ചേരാൻ താത്പര്യമുള്ളവർ ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത (പത്താം ക്ലാസ്, പ്ലസ് വൺ, പ്ലസ് ടു) എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മേയ് അഞ്ചിനകം ഗവ. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫോം ഓഫീസിൽ ലഭ്യമാണ്.

# മിഴിവ്' ഓൺലൈൻ വീഡിയോ മത്സര വിജയികളെ പ്രഖ്യാപിച്ചു

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പൊതുജനങ്ങൾക്കായി നടത്തിയ 'മിഴിവ് 2022' ഓൺലൈൻ വീഡിയോ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. ശ്രുതി ശ്രീശാന്ത്, വാഴക്കുളങ്ങര, ഓമശ്ശേരി, കോഴിക്കോട് ഒന്നാംസ്ഥാനവും, പ്രദീപ്കുമാർ ടി.പി, മേൽവിളാകത്ത് വീട്, മരുതത്തൂർ, തിരുവനന്തപുരം രണ്ടാം സ്ഥാനവും, ഗിരീഷ്, ചേർത്തല, ആലപ്പുഴ മൂന്നാം സ്ഥാനവും നേടി. വിജയികൾക്കു യഥാക്രമം ഒരു ലക്ഷം, അൻപതിനായിരം, ഇരുപത്തയ്യായിരം രൂപ വീതമുള്ള കാഷ് അവാർഡുകളും ഫലകവും പ്രശസ്തിപത്രവും ലഭിക്കും.

പ്രോത്സാഹന സമ്മാനങ്ങൾ നേടിയവർ:

1. ബൈജു.എസ്., ബൈജു നിവാസ്, ഉദിനൂർ, കാസർഗോഡ്.
2. മണികണ്ഠൻ.ടി.ആർ, മണിമന്ദിരം, പാപ്പനംകോട്, തിരുവനന്തപുരം.
3. അനീഷ് ബാബു, അനീഷ് ഭവൻ, നടുവിലക്കര, കൊല്ലം.
4. ഗൗരികൃഷ്ണ. യു.ആർ., നന്ദനം, മുട്ടട, തിരുവനന്തപുരം.
5. ശ്രീരാജ്.എസ്.ആർ., ലക്ഷ്മി നിവാസ്, മണക്കാട്, തിരുവനന്തപുരം.
6. ശ്യാം.എസ്., തൊടിയിൽ വീട്, വക്കം, തിരുവനന്തപുരം.
7. മനുപ് കെ.ചന്ദ്രൻ, കീഴൂർ, തൃശ്ശൂർ.
8. ശ്രീജിത്ത് കണ്ണോത്ത്, കാട്ടിലെപറമ്പ്, കിഴുതാലി, കണ്ണൂർ.
9. ഷമീർ പതിയശ്ശേരി, കുട്ടിക്കാട്ട് ഹൗസ്, പത്താഴക്കാട്, തൃശ്ശൂർ.
10. വിനു.കെ.ജോൺ, കളരിക്കൽ ഹൗസ്, പനങ്ങാട്, എറണാകുളം.

പ്രശസ്ത സംവിധായകൻ ആർ.ശരത് ചെയർമാനും, ദൂരദർശനിലെ സീനിയർ കാമറാമാൻ ടി.ഒ. ഹെൻറി, എഴുത്തുകാരനായ ഡോ.എം.രാജീവ് കുമാർ, കവയിത്രി റോസ്മേരി എന്നിവർ അംഗങ്ങളുമായ ജൂറിയാണ് വിജയികളെ തിരഞ്ഞെടുത്തത്. സംസ്ഥാന സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, വിജയഗാഥകൾ തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുള്ള വീഡിയോകളാണ് മത്സരത്തിലേക്ക് ക്ഷണിച്ചിരുന്നത്. ഫെബ്രുവരി 16 മുതൽ മാർച്ച് 7 വരെയാണ് വീഡിയോകൾ അപ് ലോഡ് ചെയ്യാൻ അവസരം നൽകിയത്. സമ്മാനവിതരണത്തിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കും.

## സ്പീച്ച് പത്തോളജിസ്റ്റ് ആൻഡ് ഓഡിയോളജിസ്റ്റ് ഒഴിവ്

തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലെ ക്ലിനിക്കൽ സ്പീച്ച് പത്തോളജിസ്റ്റ് ആൻഡ് ഓഡിയോളജിസ്റ്റിന്റെ ഒരു വർഷത്തെ താത്കാലിക ഒഴിവിൽ അപേക്ഷിക്കാം. എം.എസ്.സി. സ്പീച്ച് ആൻഡ് ഹിയറിംഗ് അല്ലെങ്കിൽ മാസ്റ്റർ ഓഫ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പത്തോളജി ബിരുദാനന്തര ബിരുദധാരികളായിരിക്കണം. ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ബയോഡേറ്റ എന്നിവയുൾപ്പെടെയുള്ള അപേക്ഷ 28ന് വൈകിട്ട് മൂന്നിനകം സി.ഡി.സിയിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾക്ക്: ഠഠഠ.ററരസല്യമഹമ.ീൃഴ, 0471-2553540.

# പോലീസ് ഏകോപനം പരാജയം: അഴിച്ചുപണി വരുന്നു

തിരുവനന്തപുരം: സംസ്ഥാനത്തു ഗുരുതര ക്രമസമാധാനത്തകർച്ച തുടരുന്നതിനിടെ മുഖ്യമന്ത്രിയുടെ ഓഫീസിലെ പോലീസ് ഏകോപന ചുമതലക്കാർക്ക് അടക്കം മാറ്റം വന്നേക്കും. ആദ്യം ഉന്നതതലത്തിൽ മാറ്റം വരുത്തിയ ശേഷം വിശദമായി പഠിച്ചു പോലീസിലും വേണ്ട മാറ്റങ്ങൾ വരുത്താനാണു തീരുമാനം.

ആഭ്യന്തര വകുപ്പിൻറെ ചുമതലക്കാരൻകൂടിയായ മുഖ്യമന്ത്രി പിണറായി വിജയൻറെ പൊളിറ്റിക്കൽ സെക്രട്ടറി പുത്തലത്ത് ദിനേശനാണു പോലീസ് ഏകോപനം നിർവഹിച്ചു വന്നിരുന്നത്.

എന്നാൽ, പാർട്ടി തലത്തിലും ജനങ്ങൾക്കിടയിലും പോലീസിനെതിരേ വ്യാപക പരാതി ഉയർന്നതോടെ രണ്ടാം പിണറായി സർക്കാരിൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.കെ. രാഗേഷും പോലീസുമായി ബന്ധപ്പെട്ട നിർദേശം നൽകിയിരുന്നു. ഇതേച്ചൊല്ലി ഇരുവരും തമ്മിൽ തർക്കങ്ങളുണ്ടെന്ന ആരോപണവുമുയരുന്നുണ്ട്.

എന്നാൽ, സിപിഎം സമ്മേളനങ്ങളിൽ പോലീസ് നടപടികൾക്കെതിരേ വ്യാപക പരാതി ഉയർന്നു. ഇതേത്തുടർന്നാണു പോലീസ് ഏകോപനം നിർവഹിച്ചിരുന്ന പുത്തലത്ത് ദിനേശനെ മാറ്റാൻ ധാരണയായത്. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ ഉൾപ്പെട്ട ദിനേശനു പാർട്ടി പ്രസിദ്ധീകരണ വിഭാഗത്തിൻറെ ചുമതല നൽകാനാണ് ആലോചന. പകരം ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരിക്കേ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന പി. ശശിയെ പൊളിറ്റിക്കൽ സെക്രട്ടറിയായി കൊണ്ടുവരുമെന്ന സൂചനയുമുണ്ട്.

പാലക്കാട്ട് ഇരട്ടക്കൊലപാതകംകൂടി നടന്നതോടെ മുഖ്യമന്ത്രിയും പാർട്ടി നേതൃത്വവും നീക്കം വേഗത്തിലാക്കുകയായിരുന്നു.

ഇന്നും നാളെയുമായി ചേരുന്ന സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ്, സംസ്ഥാന സമിതി യോഗങ്ങളിൽ ഇതു സംബന്ധിച്ചു ചർച്ച നടക്കും. രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും നടക്കുന്പോൾ നിഷ്ക്രിയമാകുന്ന പോലീസ്, സാധാരണക്കാരോടു ക്രൂരമായി പെരുമാറുന്നുവെന്ന ആക്ഷേപവും ഉയരുന്നുണ്ട്.

# മെഡിക്കൽ കോളേജിലെ യാത്രാക്ലേശത്തിന് പരിഹാരം ഫ്ളൈ ഓവർ യാഥാർത്ഥ്യമാകുന്നു

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തിയായി വരുന്ന ഫ്ളൈ ഓവർ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് സന്ദർശിച്ചു. ഫ്ളൈ ഓവറിന്റെ അന്തിമ ജോലികൾ പൂർത്തിയാക്കി എത്രയും വേഗം ജനങ്ങൾക്ക് തുറന്നു കൊടുക്കുമെന്ന് മന്ത്രി പറഞ്ഞു. മെഡിക്കൽ കോളേജിലെത്തുന്ന ജനങ്ങളുടേയും ജീവനക്കാരുടേയും ദീർഘകാലമായുള്ള ആവശ്യമാണ് ഇതിലൂടെ സാക്ഷാത്ക്കരിക്കുന്നത്. മെഡിക്കൽ കോളേജ് കാമ്പസിലെ യാത്രാക്ലേശം ഇതോടെ വലിയ അളവുവരെ പരിഹരിക്കാൻ സാധിക്കും. മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി 58 കോടി രൂപയുടെ ആദ്യഘട്ട വികസനപ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. റോഡ് മേൽപ്പാല നിർമ്മാണത്തിന് 18.06 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി കാമ്പസിലുള്ള ആറ് പ്രധാന റോഡുകളുടേയും പാലത്തിന്റേയും നിർമ്മാണ പ്രവർത്തനങ്ങളാണ് പൂത്തിയാകുന്നതെന്നും മന്ത്രി വ്യക്തമാക്കി.

മെഡിക്കൽ കോളേജ് ജംഗ്ഷനിലെ പിഎംആറിനും മെൻസ് ഹോസ്റ്റലിനും സമീപം മുതൽ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻവശം വരെ നീളം വരുന്നതാണ് പുതിയ ഫ്ളൈ ഓവർ. 96 മീറ്റർ അപ്രോച്ച് റോഡുമുണ്ട്. 12 മീറ്ററാണ് മേൽപ്പാലത്തിന്റെ വീതി. മോട്ടോർ വേ 7.05 മീറ്ററും വാക് വേ 04.05 മീറ്ററുമാണ്. ഇന്ത്യയിൽ അപൂർവമായിട്ടുള്ള ജോയിന്റ് ഫ്രീ മേൽപ്പാലമാണിത്. യൂണീഫോം സ്ലോപ്പിലാണ് ഈ മേൽപ്പാലം നിർമ്മിച്ചിട്ടുള്ളത്.

എസ്.എ.ടി. ആശുപത്രി, നഴ്സിംഗ് കോളേജ്, എസ്.എസ്.ബി., ശ്രീചിത്ര, ആർസിസി, മെഡിക്കൽ കോളേജ്, പ്രിൻസിപ്പൽ ഓഫീസ്, സി.ഡി.സി., പി.ഐ.പി.എം.എസ്. എന്നിവിടങ്ങളിൽ തിരക്കിൽപ്പെടാതെ നേരിട്ടെത്താനാവും. ഇതിലൂടെ പ്രധാന ഗേറ്റുവഴി അത്യാഹിത വിഭാഗത്തിലും ആശുപത്രിയിലും തിരക്കില്ലാതെ എത്താനും സാധിക്കും. വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ മന്ത്രി പലവട്ടം നേരിട്ട് സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് കർശന നിർദേശം നൽകുകയും ചെയ്തു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോ. ഡയറക്ടർ ഡോ. തോമസ് മാത്യു, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സാറ വർഗീസ്, കൗൺസിലർ ഡി.ആർ. അനിൽ എന്നിവർ മന്ത്രിയോടൊപ്പമുണ്ടായിരുന്നു.




# കോട്ട തകർത്തു സന്തോഷ് ട്രോഫിയിൽ കേരളത്തിന്റെ കുതിപ്പ്

മഞ്ചേരി : ബംഗാളിനെയും കീഴടക്കി സന്തോഷ് ട്രോഫിയിൽ കേരളത്തിന്റെ കുതിപ്പ്. രണ്ടാംമത്സരത്തിൽ രണ്ട് ഗോളിനായിരുന്നു കേരളത്തിന്റെ ജയം. 32 തവണ ചാമ്പ്യൻമാരായ ബംഗാളിനെതിരെ മിന്നുന്ന പ്രകടനമായിരുന്നു കേരളം പുറത്തെടുത്തത്. രണ്ടാംപകുതിയിലായിരുന്നു രണ്ട് ഗോളും. ഇതോടെ സെമി സാധ്യതയും വർധിപ്പിച്ചു.

പകരക്കാരായ പി എൻ നൗഫലും ടി കെ ജസിനും ലക്ഷ്യംകണ്ടു. പത്ത് മിനിറ്റിനുള്ളിലായിരുന്നു രണ്ട് ഗോളും. മഴയിൽ കുതിർന്ന മൈതാനം കേരളത്തിന്റെ നീക്കങ്ങൾകൊണ്ട് ചൂടുപിടിച്ചു. കേരളത്തിന്റെ ആക്രമണത്തിന് ബംഗാളിന്റെ പ്രതിരോധം. എങ്കിലും അവസരങ്ങളിൽ മുന്നിൽ കേരളമായിരുന്നു. മുതലാക്കാനായില്ല.

രാജസ്ഥാനെതിരെ കളിച്ച ടീമിൽ പരിശീലകൻ ബിനോ ജോർജ് മാറ്റങ്ങൾ വരുത്തി. സഫ്നാദിനുപകരം ഷിഗിൽ ആദ്യ പതിനൊന്നിൽ ഇടംപിടിച്ചു. ഇരുടീമും ഓരോ നീക്കവും കരുതലോടെയാണ് നടത്തിയത്. ആദ്യ മിനിറ്റുകളിൽ കേരളം ഇരച്ചുകയറി. ഇരുപത്തഞ്ചാം മിനിറ്റിൽ വിഘ്നേഷ് തൊടുത്ത ഷോട്ട് ബംഗാൾ ഗോളി പ്രിയന്ത്കുമാർ സിങ് പിടിച്ചെടുത്തു. പിന്നാലെ അർജുൻ ജയരാജ് അളന്നുമുറിച്ച് ബോക്സിന് അകത്തേക്ക് നൽകിയ പാസ് നിജോ ഗിൽബർട്ട് അടിച്ചെങ്കിലും ഗോൾകീപ്പർ തടഞ്ഞു. അരമണിക്കൂർ കഴിയുമ്പോൾ മൈതാനത്തിന്റെ വലതുവശത്തുനിന്ന് അർജുൻ ജയരാജ് എടുത്ത ഫ്രീകിക്ക് ബംഗാൾ ഗോൾമുഖത്ത് താഴ്ന്നിറങ്ങി. ജിജോ ജോസഫ് തലവയ്ക്കുംമുമ്പേ ബംഗാൾ ഗോളി പന്ത് തട്ടിയകറ്റി.

രണ്ടാംപകുതിയിൽ നിജോ ഗിൽബർട്ടിനുപകരം നൗഫലിനെ മധ്യനിരയിലിറക്കി. 48 ാം മിനിറ്റിൽ ബംഗാൾ പ്രതിരോധക്കാരും ഗോളിയും തമ്മിലുള്ള ആശയക്കുഴപ്പത്തിൽനിന്ന് വീണുകിട്ടിയ പന്ത് മുതലാക്കാൻ വിഘ്നേഷിനായില്ല. തുടരെത്തുടരെ കേരളം ബംഗാൾ ബോക്സിൽ എത്തിയെങ്കിലും ലക്ഷ്യം കാണാനായില്ല. 74 ാം മിനിറ്റിൽ വിഘ്നേഷിനെയും ഷിഗിലിനെയും പിൻവലിച്ച് ജസിനെയും സഫ്നാദിനെയും കൊണ്ടുവന്നു. ബംഗാൾ ഗോളി പ്രിയന്ത്കുമാർ കേരളത്തിനുമുന്നിൽ വിലങ്ങുതടിയായി.

അവസാന നിമിഷത്തിൽ പയ്യനാട് സ്റ്റേഡിയത്തിലെ ജനസാഗരം ഉണർന്നു. പി എൻ നൗഫൽ നേടിയ ഗോളിൽ കേരളം ഉയർത്തേഴുന്നേറ്റു. പരിക്ക് സമയത്തിന്റെ നാലാം മിനിറ്റിൽ ടി കെ ജസിൻ കേരളത്തിന് ആധികാരികവിജയം സമ്മാനിച്ചു. നാളെ കേരളം മേഘാലയയെ നേരിടും.

## സർവീസസിനെ വീഴ്ത്തി മണിപ്പൂർ

സന്തോഷ് ട്രോഫി ഫുട്ബോളിൽ കർണാടകയ്ക്കായി ഇരട്ടഗോൾ നേടിയ സുധീർ കൊട്ടികെലയുടെ മുന്നേറ്റം തടയാനുള്ള ഒഡിഷയുടെ പ്രബീൺ ടിക്കെയുടെ ശ്രമം/ ഫോട്ടോ: കെ ഷെമീർ

സന്തോഷ് ട്രോഫി ഫുട്ബോളിൽ കർണാടകയ്ക്കായി ഇരട്ടഗോൾ നേടിയ സുധീർ കൊട്ടികെലയുടെ മുന്നേറ്റം തടയാനുള്ള ഒഡിഷയുടെ പ്രബീൺ ടിക്കെയുടെ ശ്രമം/ ഫോട്ടോ: കെ ഷെമീർ

നിലവിലെ ചാമ്പ്യന്മാരായ സർവീസസിനെ വിറപ്പിച്ച് മണിപ്പൂരിന്റെ കുതിപ്പ്. പയ്യനാട് സ്റ്റേഡിയത്തിൽ നടന്ന കളിയിൽ മണിപ്പൂർ എതിരില്ലാത്ത മൂന്ന് ഗോളിന് സർവീസസിനെ വീഴ്ത്തി. നാരിയൻബാം ജെനിഷ് സിങ്, ലൂമിൻലെൻ ഹോകിപ് എന്നിവർ ഗോൾ നേടിയപ്പോൾ മൂന്നാം ഗോൾ ബി സുനിലിന്റെ പിഴവിലൂടെയായി.

മൂന്ന് മലയാളി താരങ്ങളുമായി കളത്തിലിറങ്ങിയ കർണാടക സമനില കുരുക്കിൽ. ഒഡീഷയാണ് കർണാടകത്തെ സമനിലയിൽ തളച്ചത് (3 3). ആദ്യം ലക്ഷ്യം കണ്ടത് ഒഡീഷയാണ്. മൂന്ന് ഗോൾ തിരിച്ചടിച്ച് കർണാടക ലീഡ് നേടി. അവസാന നിമിഷങ്ങളിൽ പൊരുതി കളിച്ച ഒഡീഷ സമനില പിടിച്ചു. കർണാടകക്കായി സുധീർ കൊട്ടികല ഇരട്ടഗോൾ നേടിയപ്പോൾ ഒരു ഗോൾ മലയാളി താരം ബാവു നിഷാദിന്റെ വകയായിരുന്നു. ഒഡീഷയ്ക്കായി ജാമി ഓറം (15), ബികാശ് കുമാർ സഹോ (65), ചന്ദ്ര മുധുലി (76) എന്നിവരാണ് ഗോൾ നേടിയത്.

## വൈദ്യുതി, ഗ്യാസ് ശ്മശാനങ്ങൾ ശിപാർശ ചെയ്ത് ഹരിത ട്രൈബ്യൂണൽ

ന്യൂഡൽഹി: പ്രകൃതി സൗഹൃദമായ വൈദ്യുത, പിഎൻജി (പൈപ്പ്ഡ് നാചറൽ ഗ്യാസ്) ശ്മശാനങ്ങൾ ഉപയോഗിക്കാൻ ശിപാർശയുമായി ദേശീയ ഹരിത ട്രൈബ്യൂണൽ. പരന്പരാഗത ശവസംസ്കാര മാർഗങ്ങൾ പ്രകൃതി മലിനീകരണത്തിനും മരങ്ങൾ വെട്ടുന്നതിനും കാരണമാകുന്നു.

പരന്പരാഗത ശവസംസ്കാര രീതിയിൽ ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് 350 മുതൽ 450 കിലോഗ്രാം തടി ആവശ്യമായി വരുന്നു. എന്നാൽ ഇലക്ട്രിക്, ഗ്യാസ് ശ്മശാനങ്ങൾ മലിനീകരണവും ഇന്ധനച്ചെലവും തടയുന്നതായും ട്രൈബ്യൂണൽ ചെയർപേഴ്സൺ ആദർശ് കുമാർ ഗോയൽ വ്യക്തമാക്കി.

മൃതശരീരങ്ങൾ ചിതയൊരുക്കി ദഹിപ്പിക്കുന്നത് പലരുടെയും മതവിശ്വാസത്തിൻറെ ഭാഗമാണെന്ന് മനസിലാക്കുന്നു. ട്രൈബ്യൂണലിൻറെ നിർദേശം വ്യക്തികളുടെ മതവികാരത്തെ വ്രണപ്പെടുത്തുന്നതിനല്ല.

എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും ശവസംസ്കാരത്തിനുള്ള ഇതര മാർഗം എന്ന നിലയിൽ ഇലക്ട്രിക്, ഗ്യാസ് ശ്മശാനങ്ങൾ സ്ഥാപിക്കുകയും ഇതിൻറെ മെച്ചത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാനുമാണ് ട്രൈബ്യൂണൽ ആവശ്യപ്പെടുന്നത്. ഗാസിയാബാദിലെ ശക്തി ഖണ്ഡ് ശ്മശാനത്തിൻറെ പ്രവർത്തനത്തിൻറെ ഭാഗമായി ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണത്തിനു പരിഹാരം തേടി റിയൽ ആങ്കേഴ്സ് ഡെവലപ്പേഴ്സ് കന്പനി നൽകിയ ഹർജിയുടെ പശ്ചാത്തലത്തിലാണ് ട്രൈബ്യൂണലിൻറെ നിർദേശം.

# കെ. എസ്. ആർ. ടി. സി ഡബിൾ ഡെക്കർ സിറ്റി റൈഡിന്റെ വിശദാംശം ലഭ്യമാക്കും: മന്ത്രി

കെ. എസ്. ആർ. ടി. സി പുതിയതായി ആരംഭിച്ച ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ സിറ്റി റൈസ് ബസിന്റെ വിശദാംശം വിനോദ സഞ്ചാരികൾക്ക് ഡി. ടി. പി. സി മുഖേന ലഭ്യമാക്കുമെന്ന് ടൂറിസം മന്ത്രി പി. എ. മുഹമ്മദ് റിയാസ് പറഞ്ഞു. സിറ്റി റൈഡ് ബസ് തിരുവനന്തപുരത്ത് ഫ്ളാഗ് ഓഫ് ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ച പദ്ധതി ഭാവിയിൽ മറ്റു നഗരങ്ങളിലേക്കും വ്യാപിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം നഗരത്തിന്റെ വിവിധ മേഖലകൾ കാണാനും ആസ്വദിക്കാനും കഴിയുന്ന മാതൃകാ പദ്ധതിയായി ഇത് മാറും. വൈക്കത്ത് ബസിൽ ആരംഭിച്ച ഫുഡ് ഇ വീൽസ് പദ്ധതിയും മാതൃകയാക്കാവുന്നതാണെന്ന് മന്ത്രി പറഞ്ഞു.

ടൂറിസം മന്ത്രിയുടെ ആശയമാണ് സിറ്റി റൈഡ് എന്ന നിലയിൽ പ്രാവർത്തികമാക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗത മന്ത്രി ആന്റണി രാജു പറഞ്ഞു. പ്രാരംഭ ഓഫർ എന്ന നിലയിൽ പകൽ യാത്രയ്ക്കും രാത്രി യാത്രയ്ക്കും 200 രൂപ വീതമാണ് ഫീസ്. രാത്രിയും പകലുമായി ബുക്ക് ചെയ്യുന്നവർക്ക് 350 രൂപയാണ് നിരക്ക്. പ്രാരംഭ ഓഫർ കഴിഞ്ഞാൽ പകൽ, രാത്രി യാത്രകൾക്ക് 250 രൂപ വീതം ഈടാക്കും. പകലും രാത്രിയും ചേർത്ത് ബുക്ക് ചെയ്യുമ്പോൾ 400 രൂപയായിരിക്കും ചാർജെന്ന് മന്ത്രി പറഞ്ഞു. മാതൃകാപരമായ പ്രവർത്തനം നടത്തിയ അഞ്ച് കെ. എസ്. ആർ. ടി. സി ജീവനക്കാർക്ക് ടൂറിസം മന്ത്രി പുരസ്കാരങ്ങൾ നൽകി. സംസ്ഥാന ശിശുക്ഷേമ സമിതിയിലെ കുട്ടികളും ജീവനക്കാരുമാണ് മന്ത്രിമാർക്കൊപ്പം ആദ്യ യാത്ര നടത്തിയത്. കെ. എസ്. ആർ. ടി. സി സി എം ഡി ബിജു പ്രഭാകർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.

# എന്നെ കോൺഗ്രസിൽനിന്ന് പുറത്താക്കാനാണ് സുധാകരന്റെ ശ്രമം', തുറന്നടിച്ച് കെ വി തോമസ്

കൊച്ചി : കെപിസിസി പ്രസിഡന്റ് കെ സുധാകരൻ ശ്രമിക്കുന്നത് തന്നെ പാർടിയിൽനിന്ന് പുറത്താക്കാനാണെന്ന് കെ വി തോമസ്. ഇങ്ങനെയൊരു നേതൃത്വം കേരളത്തിന് വേണോയെന്നും ആലോചിക്കണമെന്നും കെ സുധാകരനെതിരെ കെ വി തോമസ് തുറന്നടിച്ചു. തന്നെ പുറത്താക്കാൻ നേരത്തെ ശ്രമം തുടങ്ങി. എന്നാൽ ആ തീരുമാനമെടുക്കേണ്ടത് സുധാകരനല്ല എഐസിസി ആണ്. എഐസിസി തീരുമാനമറിഞ്ഞശേഷം അതേകുറിച്ച് സംസാരിക്കാം. 2024 ലെ തെരഞ്ഞെടുപ്പിൽ ബിജെപിയെ കോൺഗ്രസിന് ഒറ്റക്ക് നേരിടാൻ കഴിയില്ലെന്നും കെ വി തോമസ് പറഞ്ഞു.

ഇന്നു ചേരുന്ന കോൺഗ്രസ് രാഷ്ട്രീയകാര്യ സമിതിയിലേയ്ക്ക് കെ വി തോമസിനെ നേതൃത്വം ക്ഷണിച്ചിരുന്നില്ല. തുടർന്നാണ് കെ വി തോമസിന്റെ പ്രതികരണമുണ്ടായത്.

'രാഷ്ട്രീയ കാര്യ സമിതി യോഗത്തിന് തന്നെ വിളിക്കാതിരുന്നത് മര്യാദകേടാണ് . ഖദർ ഇട്ടാൽ മാത്രം കോൺഗ്രസ് ആവില്ല. തനിക്ക് സ്ഥാനമാനങ്ങൾ തന്നിട്ടുണ്ടെങ്കിൽ പാർടിക്കായി തിരിച്ചും ചെയ്തിട്ടുണ്ട് . ജനങ്ങളാണ് അംഗീകാരം നൽകിയത്. തന്നേക്കാൾ സ്ഥാനമാനങ്ങൾ നേടിയവർ ഇവിടെ ഉണ്ട്. തന്നേക്കാൾ പ്രായമുള്ളവർ സ്ഥാനങ്ങളിലിരിപ്പുണ്ട്. തന്റെയും കെ സുധാകരന്റെയും സാമ്പത്തികം കൂടി അന്വേഷിക്കണമെന്നും കെ വി തോമസ് ആവശ്യപ്പെട്ടു.

അതേസമയം സിപിഐഎം പാർടി കോൺഗ്രസ് സെമിനാറിൽ പങ്കെടുക്കാനുണ്ടായ കാരണം വ്യക്തമാക്കി കെ വി കാരണം കാണിക്കൽ നോട്ടീസിന് ഇന്നലെ മറുപടി നൽകിയിരുന്നു. . ഇ മെയിൽ വഴിയാണ് മറുപടി നൽകിയത്.

# വാഹനങ്ങളിൽ കൂളിംഗ് ഫിലിമിന് അനുവാദമില്ല: മന്ത്രി ആന്റണി രാജു

വാഹനങ്ങളിൽ സൺഫിലിം ഒട്ടിക്കുവാൻ അനുമതിയില്ലെന്ന് ഗതാഗത മന്ത്രി ആന്റണി രാജു അറിയിച്ചു. വാഹനങ്ങളുടെ മുൻ-പിൻ സേഫ്റ്റി ഗ്ലാസ്സുകളിൽ കുറഞ്ഞത് 70 ശതമാനവും വശങ്ങളിൽ 50 ശതമാനവും സുതാര്യത ഉറപ്പു വരുത്തണമെന്ന് കേന്ദ്ര മോട്ടോർ വാഹനചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂളിംഗ് ഫിലിം, റ്റിന്റഡ് ഫിലിം, ബ്ലാക്ക് ഫിലിം എന്നിവ വാഹനങ്ങളുടെ ഗ്ലാസ്സുകളിൽ ഒട്ടിക്കരുത് എന്ന് കോടതി വിധിയും നിലവിലുണ്ട്. ഇത് സംബന്ധിച്ച് നിലവിലെ നിയമം ദുർവ്യാഖ്യാനം ചെയ്ത് ആശയക്കുഴപ്പം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് മന്ത്രി വിശദീകരിച്ചത്. ഗ്ലെയിസിംഗ് പ്ലാസ്റ്റിക് ഒട്ടിക്കുന്നത് സംബന്ധിച്ച് ആവശ്യമെങ്കിൽ നിയമോപദേശം തേടുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. നിലവിൽ വാഹനങ്ങളിൽ സൺഫിലിം ഉപയോഗിക്കാൻ നിയമം അനുവദിക്കാത്തതിനാൽ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ മന്ത്രി ആന്റണി രാജു ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദേശം നൽകി.

## പി.ജെ.കുര്യൻ, കെ.വി.തോമസ് വിഷയം ഹൈക്കമാൻഡിന് വിട്ട് കെപിസിസി

തിരുവനന്തപുരം: മുതിർന്ന നേതാക്കളായ കെ.വി.തോമസ്, പി.ജെ.കുര്യൻ എന്നിവരുടെ കോൺഗ്രസിലെ ഭാവി സംബന്ധിച്ച തീരുമാനം കെപിസിസി ഹൈക്കമാൻഡിന് വിട്ടു. ഇന്ന് ചേർന്ന രാഷ്ട്രീയകാര്യ സമിതി യോഗമാണ് ഇരുവരുടെയും കാര്യത്തിൽ ഹൈക്കമാൻഡിന് തീരുമാനങ്ങൾ എടുക്കാം എന്ന നിർദ്ദേശം അംഗീകരിച്ചത്.

രാഷ്ട്രീയകാര്യ സമിതിയിൽ ഇരു നേതാക്കൾക്കെതിരേയും രൂക്ഷ വിമർശനങ്ങളുണ്ടായി. രാഹുൽ ഗാന്ധിക്കെതിരേ പരസ്യ വിമർശനം ഉന്നയിച്ച കുര്യനെതിരേ ശക്തമായ നടപടി ഹൈക്കമാൻഡിനോട് ആവശ്യപ്പെടണമെന്ന് ടി.എൻ.പ്രതാപൻ എംപി ആവശ്യപ്പെട്ടു. പി.ജെ.കുര്യനും കെ.വി.തോമസും ഇന്നത്തെ രാഷ്ട്രീയകാര്യ സമിതിയിൽ പങ്കെടുത്തില്ല.

തൃക്കാക്കര ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർഥി ചർച്ച എത്രയും വേഗം തുടങ്ങണമെന്നും യോഗത്തിൽ നിർദ്ദേശമുണ്ടായി. വരും ദിവസങ്ങളിൽ കെപിസിസി നേതൃത്വം സ്ഥാനാർഥിക്കായി ചർച്ചകൾ തുടങ്ങും. പാർട്ടി വിലക്ക് ലംഘിച്ച് സിപിഎം പാർട്ടി കോൺഗ്രസുമായി ബന്ധപ്പെട്ട സെമിനാറിൽ പങ്കെടുത്തതാണ് കെ.വി.തോമസുമായി ബന്ധപ്പെട്ട വിവാദം. രാഹുൽ ഗാന്ധിക്കെതിരേ മാധ്യമങ്ങളിലൂടെ പരസ്യ വിമർശനം ഉന്നയിച്ചതാണ് കുര്യനെതിരേ കെപിസിസി തിരിയാൻ കാരണം.

# ഇ.പി. ജയരാജൻ എൽഡിഎഫ് കൺവീനർ

തിരുവനന്തപുരം: എൽഡിഎഫ് കൺവീനറായി ഇ.പി. ജയരാജനെ തെരഞ്ഞെടുത്തു. ഇന്നു ചേർന്ന സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റിലാണ് തീരുമാനം. എ. വിജയരാഘവൻ പോളിറ്റ് ബ്യൂറോയിലെത്തിയതോടെയാണ് എൽഡിഎഫ് കൺവീനറായി ജയരാജൻ തെരഞ്ഞെടുക്കപ്പെട്ടത്.

എ.കെ. ബാലൻറെ പേര് ചർച്ചകളിൽ ഉയർന്നിരുന്നെങ്കിലും സെക്രട്ടറിയേറ്റ് ജയരാജനെ പിന്തുണയ്ക്കുകയായിരുന്നു. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയുടെ നിയമനത്തിലും ഇന്നും നാളെയുമായി നടക്കുന്ന നേതൃയോഗങ്ങൾ തീരുമാനമെടുക്കും.

നിലവിലെ പൊളിറ്റിക്കൽ സെക്രട്ടറിയായ പുത്തലത്ത് ദിനേശൻ സ്ഥാനം ഒഴിയുകയാണ്. പി ശശിയെ ഈ സ്ഥാനത്തേക്ക് നിയമിക്കാനാണ് സാധ്യത. ദിനേശൻ സിപിഎമ്മിൻറെ മുഖപത്രമായ ദേശാഭിമാനിയുടെ പത്രാധിപരാകുമെന്ന് റിപ്പോർട്ട്.

## കേരളം കോവിഡ് കണക്ക് പ്രസിദ്ധീകരിക്കണമെന്ന് കേന്ദ്രം

ന്യൂഡൽഹി: പ്രതിദിന കോവിഡ് കണക്കുകൾ പ്രസിദ്ധീകരിക്കണമെന്ന് കേരളത്തോട് കേന്ദ്ര സർക്കാർ. രാജ്യത്ത് കോവിഡ് വ്യാപനം വീണ്ടും ഉയരുന്ന സാഹചര്യത്തിലാണ് കേന്ദ്രത്തിൻറെ നിർദേശം. കോവിഡ് ബാധിതരുടെ കൃത്യമായ കണക്ക് പ്രസിദ്ധീകരിക്കണമെന്ന് ചൂണ്ടിക്കാട്ടി സംസ്ഥാന ആരോഗ്യ സെക്രട്ടറിക്കാണ് കേന്ദ്രം കത്തയച്ചത്.

സംസ്ഥാനത്ത് കോവിഡ് കേസുകൾ കുറഞ്ഞ സാഹചര്യത്തിലാണ് പ്രതിദിന കോവിഡ് കണക്കുകൾ പ്രസിദ്ധീകരിക്കുന്നത് അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരുന്നത്. രണ്ട് വർഷത്തിലധികമായി നടന്നുവന്നിരുന്ന പ്രക്രിയാണ് സർക്കാർ നിർത്തിയത്. സംസ്ഥാനത്തെ കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചത് പിന്നാലെയായിരുന്നു തീരുമാനം.

# സാറ്റലൈറ്റ് ഫോണുകളും വൈഫൈ തെർമൽ ഇമേജറി ഉപകരണങ്ങളും ഭീകരരുടെ വഴികാട്ടി

ശ്രീനഗർ: അഫ്ഗാനിസ്ഥാനിൽ അമേരിക്കൻ സൈന്യം ഉപയോഗിച്ച അമേരിക്കൻ സാറ്റലൈറ്റ് മൊബൈൽ കന്പനി ഇറിഡിയത്തിൻറെ പതിനഞ്ചിലധികം സാറ്റലൈറ്റ് ഫോണുകളും !യാത്രാമാർഗം കണ്ടെത്താനുള്ള വൈഫൈ നിയന്ത്രിത തെർമൽ ഇമേജറി ഉപകരണങ്ങളുമാണ് കാഷ്മീരിൽ ഭീകരർ ഇപ്പോൾ ഉപയോഗിക്കുന്നതെന്ന് ഒളിത്താവളത്തിൽ സുരക്ഷാസേന നടത്തിയ പരിശോധനയിൽ കണ്ടെത്തി.

വടക്കൻ കാഷ്മീരിൽ ഫെബ്രുവരിയിൽ ഇറിഡിയം സാറ്റലൈറ്റ് ഫോണുകൾ കണ്ടെത്തിയിരുന്നു. ഇപ്പോൾ തെക്കൻ കാഷ്മീരിലും സാറ്റലൈറ്റ് ഫോണുകൾ ഭീകരർ വ്യാപകമായി ഉപയോഗിച്ചുവരുന്നു.

അഫ്ഗാനിസ്ഥാനിൽനിന്നു രക്ഷാദൗത്യം പൂർത്തിയാക്കി അമേരിക്കൻ സൈന്യം മടങ്ങിയശേഷം സാറ്റലൈറ്റ് ഫോണുകൾ അവർ ഉപേക്ഷിച്ചതാകാം. അതുമല്ലെങ്കിൽ യുഎസ് സേനയിൽനിന്നു ഭീകരർ ഇവ മോഷ്ടിച്ചതാവാനും സാധ്യയുണ്ട്.

കാഷ്മീർ താഴ്വരയിലെ ഭീകരരുടെ കൈവശമുള്ള സാറ്റലൈറ്റ് ഫോണുകളുടെ നീക്കങ്ങൾ നാഷണൽ ടെക്നിക്കൽ റിസർച്ച് ഓർഗനൈസേഷൻ(എൻടിആർഒ), ഡിഫൻസ് ഇൻറലിജൻസ് ഏജൻസി(ഡിഐഎ) തുടങ്ങി കേന്ദ്ര ഗവേഷണ ഏജൻസികൾ നിരീക്ഷിച്ചുവരികയാണെന്നു സൈനിക ഉദ്യോഗസ്ഥർ പറഞ്ഞു.

2008ലെ മുംബൈ സ്ഫോടനപരന്പരകൾക്കുശേഷം ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗ്(ഡിജിഎസ്) ഉത്തരവിലൂടെ ഇറിഡിയം, തുരായ തുടങ്ങിയ സാറ്റലൈറ്റ് ഫോണുകളുടെ ഉപയോഗം നിരോധിച്ചിരുന്നു. 2021ൽ ഇന്ത്യൻ ടെലഗ്രാഫ് ആക്ട് പ്രകാരം സാറ്റലൈറ്റ് ഫോണുകളുടെ ഉപയോഗത്തിനു സന്പൂർണ നിരോധനമേർപ്പെടുത്തി. ഓൺലൈൻ സൈറ്റുകളിലും നിരോധനമുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.